I ഇ.ബി. XIII-കേരള നിയമസഭ/XII-9

പതിമൂന്നാം കേരള നിയസഭ

പന്ത്രണ്ടാം സമ്മേളനം

# നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

**2014 ഡിസംബർ 11, വ്യാഴം**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

(റൂൾ 307 അനുസരിച്ച് എഴുതിക്കൊടുത്ത ക്രമപ്രശ്നം ഉന്നയിക്കുന്നതിന് അവസരം നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീ. സി. ദിവാകരൻ സഭയിൽ എഴുന്നേറ്റുനിൽക്കുകയും അടിയന്തരപ്രമേയം കഴിഞ്ഞാലുടൻ ക്രമപ്രശ്നം ഉന്നയിക്കുന്നതിന് അവസരം നൽകാമെന്ന് ചെയർ റൂളിംഗ് നൽകുകയും ചെയ്തുവെങ്കിലും ശൂന്യവേളയിലുള്ള അംഗങ്ങളുടെ അവകാശം

സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷം ഒന്നടങ്കം എഴുന്നേറ്റുനിന്ന് ബഹളം വച്ചതിനെത്തുടർന്ന് ക്രമപ്രശ്നം ഉന്നയിക്കുന്നതിന് അവസരം നൽകി.)

## ക്രമപ്രശ്നം

### രാഷ്ട്രീയപാർട്ടിയെ സംബന്ധിച്ച മുഖ്യമന്ത്രിയുടെ പരാമർശം

ശ്രീ. സി. ദിവാകരൻ: ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സി.പി.ഐ.-യുടെ പേര് എടുത്ത് പറഞ്ഞ് പരസ്യമായി ആക്ഷേപിച്ചു കൊണ്ട് നടത്തിയ പരാമർശം റൂൾ 307 അനുസരിച്ച് സഭാരേഖയിൽനിന്ന് നീക്കം ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇന്നലെ ഇവിടെ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ആരുടെ മനസ്സിലും ഉയർന്നുവരുന്ന ഒരു സംശയമാണ് ഞാൻ ഇവിടെ പ്രകടിപ്പിച്ചത്. അത് അങ്ങയെ ഏതെങ്കിലും വിധത്തിൽ വേദനിപ്പിച്ചുവെങ്കിൽ അതിൽ എനിക്ക് ഖേദമുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സി.പി.ഐ.-യെപ്പറ്റിയുള്ള പരാമർശം സഭാരേഖകളിലുണ്ടാകാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് എല്ലാ പത്രങ്ങളിലും വാർത്താ ചാനലുകളിലും വന്നുകഴിഞ്ഞു. ഇന്നലെ സഭ പിരിഞ്ഞതിനുശേഷമാണ് ക്രമപ്രശ്നം എഴുതിത്തന്നത്.

ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. സഭ നടത്തിക്കൊണ്ടുപോകാൻ അനുവദിക്കില്ലെന്ന പ്രതിപക്ഷ നിലപാട് നമ്മുടെ നിയമസഭയ്ക്ക് യോജിച്ചതല്ല. ഇന്നലത്തെ സംഭവത്തിൽ മുഖ്യമന്ത്രി ഖേദം പ്രകടിപ്പിച്ചതോടുകൂടി പ്രശ്നം തീർന്നു.

(സി.പി.ഐ.-യെപ്പറ്റിയുള്ള പരാമർശം സഭാരേഖകളിൽനിന്ന് നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിന് മുമ്പിൽ വന്ന് സഭാ നടപടികൾ തടസ്സപ്പെടുത്തിയതിനെത്തുടർന്ന് സഭാ നടപടികൾ 9.48-ന് അല്പസമയത്തേയ്ക്ക് നിർത്തിവയ്ക്കുകയും 11.05-ന് പുനരാരംഭിക്കുകയും ചെയ്തു)

## അറിയിപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ: ഇവിടെ നടന്ന സംഭവത്തെ സംബന്ധിച്ച് ഭരണ-പ്രതിപക്ഷ കക്ഷികളുമായി സംസാരിച്ചുവെങ്കിലും യോജിച്ചൊരു തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാലും പ്രസ്തുത വിഷയത്തിന്മേൽ മുഖ്യമന്ത്രി ഖേദം പ്രകടിപ്പിച്ചതിനാലും ഈ വിഷയം മുന്നോട്ടുകൊണ്ടുപോകരുതെന്നാണ് ചെയറിന്റെ അഭിപ്രായം. മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെയും ഖേദപ്രകടനത്തിന്റെയും അടിസ്ഥാനത്തിൽ ഈ പ്രശ്നം തീർന്നതായി അറിയിക്കുന്നു. ഗവൺമെന്റ് ബിസിനസ്സ് നടത്തിക്കൊടുക്കുവാനുള്ള ഉത്തരവാദിത്തം ചെയറിനുള്ളതുകൊണ്ട് സഭാംഗങ്ങൾ സഹകരിക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): നിയമസഭാ നടപടി ചട്ടം 307 അനുസരിച്ച് അപകീർത്തികരമായ പരാമർശങ്ങൾ ഉണ്ടായാൽ അത് അനുയോജ്യമായ രീതിയിൽ ബഹുമാനപ്പെട്ട ചെയർ കൈകാര്യം ചെയ്യാതിരിക്കുന്ന സാഹചര്യത്തിൽ അടിയന്തരപ്രമേയം അവതരിപ്പിക്കേണ്ട ശ്രീ. എസ്. ശർമ്മ ഒഴികെയുള്ള മറ്റ് പ്രതിപക്ഷാംഗങ്ങൾ സഭ വിട്ട് പുറത്തുപോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എസ്. ശർമ്മ ഒഴികെയുള്ള പ്രതിപക്ഷാംഗങ്ങൾ സഭ വിട്ട് പുറത്തുപോവുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## അടിയന്തരപ്രമേയം

### കൊച്ചി എൽ.എൻ.ജി. പ്രോജക്ട്

മി. ഡെപ്യൂട്ടി സ്പീക്കർ: സംസ്ഥാനത്തിന്റെ വാണിജ്യ-വ്യാവസായിക-സാമ്പത്തിക മേഖലയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന കൊച്ചിയിലെ പെട്രോനെറ്റ് എൽ.എൻ.ജി. പ്രോജക്ടിനെ ദേശീയ പ്രകൃതി വാതക ഗ്രിഡുമായി ബന്ധിപ്പിക്കുന്ന വാതകക്കുഴൽ നിർമ്മാണജോലി സ്തംഭിച്ചിരിക്കുന്നതിനാലും വാതകക്കുഴൽ നിർമ്മിക്കുന്ന പാതയിലെ ജനങ്ങൾക്കിടയിലുണ്ടായ ആശങ്കകൾ അകറ്റി പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ സർക്കാർ ഇടപെടേണ്ടതും സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എസ്. ശർമ്മ,

വി. എസ്. സുനിൽകുമാർ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ, എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സംസ്ഥാനത്തിന്റെ വാണിജ്യ-വ്യാവസായിക-സാമ്പത്തിക മേഖലയ്ക്ക് പ്രയോജനം ചെയ്യുന്ന എൽ.എൻ.ജി. പ്രോജക്ട് നടപ്പിലാക്കുന്നതിനും ദേശീയ വാതക ശൃംഖലയിൽ നിന്നും കേരളം ഒഴിവാക്കപ്പെടുന്ന സാഹചര്യം ഉണ്ടാകാതിരിക്കാനും പദ്ധതി നടപ്പിലാക്കുന്നതിൽ കേരളത്തിന്റെ മുൻഗണന നഷ്ടപ്പെടുത്താതിരിക്കാനും ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ചില സാങ്കേതിക കാരണങ്ങളാൽ പെട്രോനെറ്റ് എൽ.എൻ.ജി.യുടെ പുതുവൈപ്പിനിലെ സംഭരണ ശേഷി പ്രയോജനപ്പെടുത്തുന്നതിന് കൊച്ചിയിൽ നിന്നും മംഗലാപുരത്തേയ്ക്കും ബാംഗ്ലൂരിലേയ്ക്കും നടപ്പിലാക്കേണ്ട പൈപ്പ്ലൈൻ പദ്ധതി പൂർത്തിയാക്കുന്ന പ്രവൃത്തി മന്ദഗതിയിലാണ് പുരോഗമിക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സ്ഥലത്തിന്റെ ഉപയോഗാവകാശമെടുക്കുന്നതിനുവേണ്ടി ഡെപ്യൂട്ടി കളക്ടർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ സംസ്ഥാന സർക്കാർ ഗെയിൽ ഇന്ത്യയ്ക്കുവേണ്ടി നിയമിച്ചിട്ടുണ്ട്. ഇപ്രകാരമെടുക്കുന്ന സ്ഥലത്തിന് നൽകിയിരുന്ന നഷ്ടപരിഹാരം 30-50 ശതമാനമായി വർദ്ധിപ്പിച്ചുനൽകാൻ തീരുമാനിക്കുകയും പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള വീതി 20 മീറ്ററിൽ നിന്നും 10 മീറ്ററായി ചുരുക്കുകയും

ചെയ്തിട്ടുണ്ട്. പൈപ്പ്‌ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രതിസന്ധി പരിഹരിക്കുന്നതിന് ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ചുകൂട്ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സമ്മേളനം കഴിഞ്ഞാലുടനെ കോഴിക്കോട് വച്ച് ജനപ്രതിനിധികളുടെ ഒരു യോഗം വിളിച്ചുകൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്. പൈപ്പ്‌ലൈൻ പദ്ധതികൊണ്ട് ജനങ്ങൾക്കും സംസ്ഥാനത്തിനുമുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും അനുകൂലമായ ചിന്താഗതിയുണ്ടാക്കുന്നതിനും വേണ്ടി പ്രത്യേകമായ ശ്രമങ്ങൾ നടത്തുന്നുണ്ട്.

<u>ശ്രീ. എസ്. ശർമ്മ</u>: പുതുവൈപ്പിനിൽ നിന്നും ബാംഗ്ലൂർ വരെയുള്ള 505 കിലോമീറ്റർ ഭാഗത്ത് സ്ഥാപിക്കേണ്ട പൈപ്പ് ലൈനിൽ 305 കിലോമീറ്റർ ഒഴികെയുള്ള ഭാഗത്താണ് ഇപ്പോൾ പ്രശ്നമുണ്ടായിരിക്കുന്നത്. അവിടത്തെ കൃഷിക്കാർക്കിടയിലും സാധാരണ ജനങ്ങൾക്കിടയിലും ഉയർന്നുവന്നിട്ടുള്ള ഉത്കണ്ഠ ദൂരീകരിക്കുന്നതിന് ഗവൺമെന്റ് ഇടപെടൽ ഉണ്ടാകണം. പെട്രോനെറ്റ് എൽ.എൻ.ജി. മാനേജ്മെന്റ് രണ്ട് ടാങ്കുകൾ വാടകയ്ക്ക് കൊടുക്കുന്നതിനുള്ള ഗ്ലോബൽ ടെണ്ടർ വിളിച്ചിരിക്കുകയാണ്. എൽ.എൻ.ജി പദ്ധതി യാഥാർത്ഥ്യമായാൽ സംസ്ഥാനത്തിന് വൈദ്യുതി കാര്യത്തിൽ സ്വയംപര്യാപ്തത കൈവരും. സിറ്റി ഗ്യാസ് പദ്ധതി ആരംഭിച്ച് ഹൗസ് കണക്ഷൻ കൊടുക്കാൻ സാധിക്കും. കായംകുളം പദ്ധതി

എക്സ്പാൻഷനിലൂടെ പരിസ്ഥിതി സൗഹാർദ്ദപരമായ വികസനമുണ്ടാക്കാനും കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽ നിന്നും രക്ഷിക്കാനും ഗാർഹിക ഉപഭോക്താക്കൾക്ക് 35 ശതമാനം വില കുറച്ച് ഇന്ധനം നൽകാനും സാധിക്കും. ഈ പദ്ധതി ബഹുരാഷ്ട്ര കുത്തകകൾക്ക് കൊടുക്കാനുള്ള തീരുമാനം പുന:പരിശോധിപ്പിക്കുന്നതിനും ടെണ്ടറുകൾ ടെർമിനേറ്റ് ചെയ്ത നടപടികൾ പുന:പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. ഈ വിഷയം ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഇതുമായി ബന്ധപ്പെട്ട് കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ ജനങ്ങളുടെ ഭയം മാറ്റിയെടുക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി താമസിയാതെ കോഴിക്കോട് ജനപ്രതിനിധികളുടെ ഒരു യോഗം വിളിക്കുന്നതാണ്. അതിൽ കോഴിക്കോട് എം.എൽ.എ. മാർ എല്ലാവരും സഹകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പൈപ്പ് ലൈൻ സ്ഥാപിച്ചുകഴിഞ്ഞാലും പ്രസ്തുത ഭൂമി ഉടമസ്ഥന്റെ കൈവശംതന്നെയായിരിക്കും. ആളുകളിലുള്ള ഭീതി മാറ്റിയെടുക്കുന്നതിനായി കൊച്ചിയിലെ സിറ്റി ഗ്യാസ് പദ്ധതി മുൻഗണന നഷ്ടപ്പെടാതെ പ്രായോഗികതലത്തിൽ കൊണ്ടുവരുന്നതിനായി ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. 42 കി.മീ. പൈപ്പ് ലൈൻ സ്ഥാപിച്ചുകഴിഞ്ഞു. ഗ്യാസ്

ഡിസ്ട്രിബ്യൂഷനുവേണ്ടി കേന്ദ്ര പെട്രോളിയം മിനിസ്ട്രിയിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൂടി ലഭിച്ചുകഴിഞ്ഞാൽ കൊച്ചിയിലെ വീടുകളിലേയ്ക്ക് ഗ്യാസ് കണക്ഷൻ കിട്ടും. എഫ്.എ.സി.റ്റി.-യുടെ കാര്യത്തിൽ വാറ്റ് വേണ്ടെന്നാണ് തീരുമാനം. പദ്ധതിയുടെ പുരോഗതി നിരീക്ഷണവിധേയമാണ്. കോൺട്രാക്റ്റ് ക്യാൻസൽ ചെയ്തതു സംബന്ധിച്ച് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഗെയിലിന്റെ ചെയർമാനുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ സ്ഥലം കൊടുക്കാൻ നമ്മൾ തയ്യാറായാൽ അവർ ടെണ്ടർ വിളിക്കാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. കളക്ടർമാരുടെ യോഗം വിളിച്ചുകൂട്ടി സ്ഥലമെടുപ്പിന് ഡെപ്യൂട്ടി കളക്ടറെ ചുമതലപ്പെടുത്തുകയും തർക്കങ്ങളുള്ള സ്ഥലങ്ങളിൽ ഇടപെട്ട് പരിഹാരമുണ്ടാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ തർക്കങ്ങളുണ്ടായ സ്ഥലങ്ങളിലെ പഞ്ചായത്ത് പ്രസിഡന്റുമാരെക്കൂടി ഉൾപ്പെടുത്തി തലസ്ഥാനത്ത് യോഗം വിളിച്ച് പദ്ധതിയുടെ ആവശ്യകത സംബന്ധിച്ച് വിശദീകരിച്ചിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി വസ്തുവിന്റെ പകുതി വില ഉടമയ്ക്ക് ലഭിക്കുന്ന പ്രോജക്ടാണ് ഇവിടെ നടപ്പിലാക്കുന്നത്. വില കൊടുക്കാതെ മാസവാടക നിശ്ചയിച്ചു നൽകുന്നതിനുള്ള മറ്റൊരു നിർദ്ദേശം കൂടി ആലോചിക്കുന്നുണ്ട്. എല്ലാ വിധത്തിലുള്ള ജാഗ്രതയോടുംകൂടി ഈ പദ്ധതി നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പുതുവൈപ്പിനുള്ള ടാങ്ക് വാടകയ്ക്ക് നൽകുന്നതിനുള്ള ഗ്ലോബൽ

ടെണ്ടർ ഫൈനലൈസ് ചെയ്യുമ്പോൾ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ ഹനിക്കാത്ത വിധത്തിൽ തീരുമാനമെടുക്കുന്നതാണ്. ജനസാന്ദ്രതയില്ലാത്ത പ്രദേശങ്ങളിലൂടെ പൈപ്പ്ലൈൻ സ്ഥാപിക്കണമെന്ന നിർദ്ദേശങ്ങൾ പരിശോധിച്ചതിനുശേഷമാണ് അലൈൻമെന്റ് നിശ്ചയിട്ടുള്ളത്. മറ്റു സംസ്ഥാനങ്ങളിൽ നിന്നു വ്യത്യസ്തമായി വീതി 10 മീറ്ററായി ചുരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ചെറിയമാറ്റങ്ങൾ അലൈൻമെന്റിൽ വരുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഏറ്റവും ഒടുവിൽ ബന്ധപ്പെട്ട പഞ്ചായത്തു പ്രസിഡന്റുമാരെക്കൂടി ഉൾപ്പെടുത്തി തലസ്ഥാനത്തു വച്ചു നടന്ന യോഗത്തിന് ശേഷം കാര്യങ്ങളിൽ കുറച്ചു മാറ്റങ്ങളുണ്ടായിട്ടുണ്ട്. പദ്ധതിയെ സംബന്ധിച്ച് ജനങ്ങളുടെയിടയിലുള്ള ആശങ്കകൾ അകറ്റുക എന്നുള്ളതാണ് പ്രധാനം. നഷ്ടപരിഹാരം വർദ്ധിപ്പിക്കുക, സ്ഥലത്തിന്റെ വീതി കുറയ്ക്കുക എന്നീ നിർദ്ദേശങ്ങളാണ് നടപ്പിലായിട്ടുള്ളത്. മാസവാടക നൽകുക എന്ന നിർദ്ദേശം കൂടി വന്നിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): എൽ.എൻ.ജി. പദ്ധതി വിജയകരമായി നടപ്പാക്കാൻ കഴിയുന്ന സാഹചര്യങ്ങളാണ് സംസ്ഥാനത്ത് ഒരുക്കിയിരിക്കുന്നത് എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും വിശദീകരിച്ച സാഹചര്യത്തിൽ പദ്ധതി വിജയകരമാക്കുന്നതിന്

പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്യുന്നു.

( അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

## ശ്രദ്ധക്ഷണിക്കൽ

### (1) വയനാട് ആരോഗ്യമേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: വയനാട് ജില്ലയിലെ ആരോഗ്യമേഖലയിൽ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും അഭാവം വളരെയേറെ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. ജില്ലയിൽ 63 ഡോക്ടർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. മാനന്തവാടി ജില്ലാ ആശുപത്രിയിലും കൽപ്പറ്റ ജനറൽ ആശുപത്രിയിലും ബത്തേരി താലൂക്കാശുപത്രിയിലും ഡോക്ടർമാരുടെയും അനുബന്ധ സൗകര്യങ്ങളുടെയും കുറവുമൂലം ചികിത്സ തേടിയെത്തുന്നവർ ഏറെ ബുദ്ധിമുട്ടുകയാണ്. വയനാട് ജില്ലയിൽ പ്രഖ്യാപിച്ച മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് 50 ഏക്കർ സ്ഥലം സൗജന്യമായി നൽകാമെന്ന് പറഞ്ഞിട്ടും അത് ഏറ്റെടുക്കുന്നതിനോ പ്രവൃത്തികൾ ആരംഭിക്കുന്നതിനോ തയ്യാറായിട്ടില്ല. അടിയന്തരമായി മെഡിക്കൽ കോളേജിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും ആരോഗ്യ പാക്കേജ് പ്രഖ്യാപിക്കുന്നതിനും സർക്കാർ തയ്യാറാകണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്.

<u>ശിവകുമാർ)</u>: സ്വകാര്യമേഖലയിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ലഭ്യമല്ലാത്ത വയനാട് ജില്ലയിൽ ഭൂരിഭാഗം ജനങ്ങളും ആശ്രയിക്കുന്നത് സർക്കാർ ആശുപത്രികളെയാണ്. ചികിത്സാകേന്ദ്രങ്ങളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും പുതിയ കെട്ടിടങ്ങളും ആധുനികചികിത്സാ സൗകര്യങ്ങളും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അതിന് അനുസൃതമായ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടില്ല എന്നുള്ളത് വസ്തുതയാണ്. മാനന്തവാടി ജില്ലാ ആശുപത്രി 500 കിടക്കകളുള്ള ആശുപത്രിയാക്കി ഉയർത്തിയിട്ടുണ്ട്. ഹൗസ്സർജൻസ് ട്രെയിനിംഗ് സെന്ററാക്കുന്നതുവഴി കൂടുതൽ ഹൗസ് സർജൻമാരുടെ സേവനം ഈ ആശുപത്രിയിൽ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. സുൽത്താൻബത്തേരിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി പണിയുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആരോഗ്യ പാക്കേജ് തയ്യാറാക്കുന്നതിനും ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെ തസ്തികകൾ പി.എസ്.സി./പ്രൊമോഷൻ വഴി നികത്തുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും മാനന്തവാടി ജില്ലാ ആശുപത്രി, സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ഓരോ 108 ആംബുലൻസുകൾ അനുവദിക്കുകയും കാരുണ്യ ഫാർമസിയുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വയനാട് മെഡിക്കൽ കോളേജ്

ആരംഭിക്കുന്നതിനായി 756 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കുകയും മാനന്തവാടി താലൂക്കിൽ ശ്രീചിത്തിര തിരുനാൾ മെഡിക്കൽ കോളേജിന്റെ സെന്റർ ആരംഭിക്കുന്നതിന് 1.90 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വയനാട് ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രത്യേക പാക്കേജ് തയ്യാറാക്കുന്നതിന് ആരോഗ്യ വകുപ്പ് സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുണ്ട്.

## (2) കയർ വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. പി. തിലോത്തമൻ: കേരളത്തിൽ കയർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളും ചെറുകിട ഉൽപ്പാദകരും അതീവഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം കയറ്റുമതി ചെയ്ത കയർ ഉൽപ്പന്നങ്ങളിൽ കേരളത്തിന്റെ വിഹിതം 16 ശതമാനം മാത്രമാണ്. കയർ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തമിഴ്നാട് ഗവൺമെന്റ് ട്രാൻസ്പോർട്ടേഷൻ സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനാൽ കേരളത്തിലെ കയർ വ്യവസായം തമിഴ്നാട്ടിലേക്ക് കുടിയേറുകയാണ്. കയർ മേഖലയെ സംരക്ഷിക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റ് ആരംഭിച്ച വില സ്ഥിരതാ പദ്ധതി ഈ ഗവൺമെന്റ് ഫലപ്രദമായി നടപ്പാക്കുന്നില്ല. ബഡ്ജറ്റിൽ നീക്കിവച്ച പരിമിതമായ തുകപോലും കൃത്യമായി നൽകാത്തതിനാൽ കയർ കോർപ്പറേഷന് ഉൽപ്പന്നങ്ങൾ വാങ്ങി സംഭരിക്കാനോ തൊഴിലാളികളെയും ചെറുകിട ഉൽപ്പാദക

സംഘങ്ങളെയും സംരക്ഷിക്കാനോ കഴിയാത്ത അവസ്ഥ നിലവിലുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഏർപ്പെടുത്തിയ കയർ കമ്മീഷൻ ശുപാർശകൾ ആവശ്യമായ മാറ്റങ്ങളോടെ നടപ്പാക്കാൻ തയ്യാറാകണം. കയർ വ്യവസായത്തെ സംരക്ഷിക്കാനും തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്താനും ഗവൺമെന്റ് സത്വരമായ നടപടി സ്വീകരിക്കണം. ചകിരിക്ക് സബ്സിഡി അനുവദിച്ചുകൊണ്ട് തൊണ്ട് സംഭരണം വ്യാപകമാക്കുകയും തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട് കൂടുതൽ ഉൽപ്പാദന ക്ഷമതയുള്ള യന്ത്രങ്ങൾ ഏർപ്പെടുത്തുകയും വ്യവസായികൾക്കുൾപ്പെടെ ഇൻസെന്റീവ് നൽകിക്കൊണ്ട് കയർ മേഖലയിൽ സമ്പൂർണ്ണമായ പുനരുദ്ധാരണം നടത്തുകയും ചെയ്യുന്നതിന് സർക്കാർ തയ്യാറാകണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കയർ വ്യവസായ മേഖലയെ സംരക്ഷിക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനുമുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ചകിരി ദൗർലഭ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി നാളീകേര വികസന ബോർഡുമായി ചേർന്ന് തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ചകിരി സംഭരിച്ച് സബ്സിഡി നിരക്കിൽ സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും നൽകുന്നതിനായി 2013-14 സാമ്പത്തിക വർഷം കയർഫെഡിന് 4.86 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പുനരുദ്ധാരണ പദ്ധതി പ്രകാരം എല്ലാ കയർ

സഹകരണ സംഘങ്ങൾക്കുമുള്ള പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുകയും അടിസ്ഥാന സൗകര്യ വികസന പദ്ധതിപ്രകാരം ധനസഹായം നൽകുകയും ചെയ്യുന്നുണ്ട്. അർഹതയുള്ളപക്ഷം കേരളത്തിൽ നിന്നും സംഭരിക്കുന്ന കയറിനും എൻ.എച്ച്.ഡി.സി. മുഖാന്തിരം ലഭിക്കുന്ന ട്രാൻസ്പോർട്ടേഷൻ സബ്സിഡി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കയർപിരി തൊഴിലാളികൾക്കും ജീവനക്കാർക്കും ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സർക്കാർ ഫണ്ടിൽ നിന്നും നൽകാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്. നിലവിലെ മാനദണ്ഡപ്രകാരം ഇൻകം സപ്പോർട്ട് പദ്ധതി കയർ ഫാക്ടറി മേഖലയിൽ നടപ്പാക്കാൻ കഴിയുകയില്ല. ക്രയവില സ്ഥിരതാ പദ്ധതി നടപ്പാക്കുന്നതിനായി രണ്ട് കോടി രൂപ കയർ കോർപ്പറേഷന് അനുവദിക്കുകയും 2014 ആഗസ്റ്റ് വരെയുള്ള കയർ തൊഴിലാളി പെൻഷൻ തുകയും കുടുംബ പെൻഷനും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ക്ഷേമനിധി ബോർഡിന്റെ കീഴിലുള്ള വിവിധ ധനസഹായ പദ്ധതികൾ പ്രകാരം 2013-14-ൽ 1.72 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ചേർത്തല കയർ പ്രോജക്ട് ഓഫീസിന്റെ പ്രവർത്തനം 2014 ഡിസംബർ മാസം 13-ന് ആരംഭിക്കുന്നതാണ്. ആധുനിക സ്പിന്നിംഗ് മെഷീൻ, ഇലക്ട്രോണിക് റാട്ട് തുടങ്ങിയവ കയർ മെഷീനറി ഫാക്ടറി വഴി വിതരണം ചെയ്യുന്നുണ്ട്. പരിഷ്കരിച്ച 125 ഡീഫൈബറിംഗ് മെഷീനുകളും 5717 ഇലക്ട്രോണിക്

റാട്ടുകളും നിർമ്മിച്ച് നൽകാനും കയർ മെഷീനറി ഫാക്ടറിക്ക് ഗവൺമെന്റ് ഫണ്ട് നൽകിയിട്ടുണ്ട്. തമിഴ്നാട് ഗവൺമെന്റ് വളരെയധികം പ്രോത്സാഹനം നൽകുന്നതിനാൽ കയർ വ്യവസായം തമിഴ്നാട്ടിലേക്ക് മാറിക്കൊണ്ടിരിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. കേരളത്തിലെ കയർ വ്യവസായ മേഖല നേരിടുന്ന പ്രശ്നം പരിഹരിക്കുന്നതിനായി ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തുന്ന കാര്യം ആലോചിക്കുന്നതാണ്. ചകിരി നാരുകൾ ഉൽപ്പാദിപ്പിക്കുന്നതിന് മിനി ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കയർ ഉൽപ്പന്ന കയറ്റുമതിയിൽ മുൻകാലങ്ങളെ അപേക്ഷിച്ച് വർദ്ധനയുണ്ടായിട്ടുണ്ട്. മെക്കനൈസേഷനിലൂടെ ഉൽപ്പാദനച്ചെലവ് കുറച്ച് വില നിയന്ത്രിക്കുന്നതിനും കയർപിരി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ വേതനം 300 രൂപയായി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാതെ ആധുനികവത്കരണം ഏർപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## സബ്മിഷൻ

### (1) <u>കൺസ്യൂമർഫെഡിന്റെ സംരക്ഷണം</u>

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. എസ്. അച്യുതാനന്ദൻ</u>): ഗവൺമെന്റിന്റെയും

മാനേജ്മെന്റിന്റെയും കെടുകാര്യസ്ഥതമൂലം തകർച്ചയെ നേരിടുന്ന ജനകീയ സഹകരണ സ്ഥാപനമായ കൺസ്യൂമർഫെഡിനെ സംരക്ഷിക്കുന്നതിനും സർക്കാർ നൽകാനുള്ള 420 കോടി രൂപ അടിയന്തരമായി നൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിൽ ത്രിവേണി/നീതി/നന്മ/മൊബൈൽ ത്രിവേണി/നീതി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങിയ യൂണിറ്റുകൾ സംസ്ഥാന വ്യാപകമായി പ്രവർത്തിച്ചുവരുന്നുണ്ട്. കൺസ്യൂമർഫെഡ് ഉത്സവകാലങ്ങളിൽ നടത്തിവരുന്ന വിപണനമേളകൾക്ക് ഗവൺമെന്റ് സബ്സിഡി ഇനത്തിൽ 229.50 കോടി രൂപ നൽകിയതിനു പുറമെ അടിസ്ഥാന സൗകര്യ വികസനത്തിനായി 50 കോടി രൂപയുടെ എൻ.സി.ഡി.സി. സഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സബ്സിഡി നൽകിയ ഇനത്തിൽ മുൻസർക്കാർ 255.3 കോടി രൂപ കുടിശ്ശികയാക്കിയതും വ്യാപാരികൾക്ക് യഥാസമയം തുക നൽകാൻ കഴിയാത്തതും വായ്പകൾക്ക് ഭീമമായ പലിശ നൽകേണ്ടിവരുന്നതും കൺസ്യൂമർഫെഡിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ യഥാസമയം വിലയിരുത്തുന്നുണ്ട്. മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും ബന്ധപ്പെട്ട

വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ഇന്ന് നടക്കുന്ന ഉന്നതതല യോഗത്തിൽ കൺസ്യൂമർഫെഡിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (2) ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ സ്മാരകം

ശ്രീ. ഹൈബി ഈഡൻ: വിശ്വപൗരനായ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർക്ക് എറണാകുളത്ത് സ്മാരകം നിർമ്മിക്കുന്നതിനും സർക്കാർ അനുവദിച്ചു നൽകിയ അഞ്ച് സെന്റ് സ്ഥലത്ത് അദ്ദേഹത്തിന്റെ പേരിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ലൈബ്രറി സ്ഥാപിക്കുന്നതിനാവശ്യമായ ധനസഹായം നൽകുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ നൂറാം ജന്മദിനാഘോഷ വേളയിൽ അദ്ദേഹത്തിന്റെ പേരിൽ ലൈബ്രറി സ്ഥാപിക്കുന്നതിനായി എറണാകുളത്ത് അഞ്ച് സെന്റ് സ്ഥലം അനുവദിച്ചു നൽകിയിട്ടുണ്ട്. സ്മാരകം നിർമ്മിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

## (3) ആദിവാസി നില്പു സമരം

ശ്രീ. സി. ദിവാകരൻ: ഭൂമിക്കും കുടിവെള്ളത്തിനുംവേണ്ടി സെക്രട്ടേറിയറ്റ് പടിക്കൽ അഞ്ച് മാസമായി ആദിവാസികൾ നടത്തിവരുന്ന നില്പു സമരം

അവസാനിപ്പിക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ആദിവാസി സമരത്തെ സർക്കാർ ഗൗരവത്തോടെ കാണുകയും അവരുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നാല് തവണ സമരക്കാരുമായി ചർച്ചകൾ നടത്തിയെങ്കിലും ആവശ്യങ്ങൾ നടപ്പിലാക്കിയാലേ സമരം അവസാനിപ്പിക്കുകയുള്ളൂവെന്ന നിലപാടാണ് അവർ സ്വീകരിച്ചിരിക്കുന്നത്. വയനാട്ടിൽ 500 പേർക്കും അട്ടപ്പാടി ഉൾപ്പെടെ പാലക്കാട് ജില്ലയിൽ 1000 പേർക്കും ജനുവരി രണ്ടാംവാരത്തിൽ ഭൂമി നൽകാമെന്ന തീരുമാനമെടുത്തിട്ടുണ്ട്. ആദിവാസി ഗ്രാമസഭ നിയമത്തിന്റെ കരട് ക്യാബിനറ്റ് അംഗീകരിച്ച് ഭിന്നാഭിപ്രായമുള്ള രാഷ്ട്രീയ പാർട്ടികളുടെ സംഘടനകളുടെ അഭിപ്രായത്തിനായി സമർപ്പിച്ചിരിക്കുകയാണ്. സമരം അവസാനിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(4) **ട്രാവൻകൂർ റയോൺസിന്റെ ഭൂമിയിൽ പുതിയ സംരംഭങ്ങൾ**

ശ്രീ. സാജു പോൾ: തൊഴിലാളികളുടെ ആനുകൂല്യങ്ങളും ധനകാര്യ സ്ഥാപനങ്ങളിലെ ബാദ്ധ്യതകളും കൊടുത്തുതീർത്ത് പൂട്ടിക്കിടക്കുന്ന പെരുമ്പാവൂർ ട്രാവൻകൂർ റയോൺസിന്റെ 67 ഏക്കർ സ്ഥലത്ത് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കോടതിയിൽ നിലനിൽക്കുന്ന കേസ് തീർപ്പാകുന്ന മുറയ്ക്ക് ട്രാവൻകൂർ റയോൺസ് കിൻഫ്ര ഏറ്റെടുക്കുന്നതാണ്.

## (5) മൾട്ടി ലെവൽ മാർക്കറ്റിംഗ് മേഖലയിൽ നിയമം

ശ്രീ. എ. പ്രദീപ്കുമാർ: മൾട്ടി ലെവൽ മാർക്കറ്റിംഗ് മേഖലയെ ക്രമീകരിക്കാനും തൊഴിലാളികൾക്ക് സംരക്ഷണം ഉറപ്പുവരുത്താനും നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കേരളാ സ്റ്റേറ്റ് മൾട്ടി ലെവൽ മാർക്കറ്റിംഗ് കൺട്രോൾ ആന്റ് റെഗുലേഷൻ ബിൽ നിയമവകുപ്പിന്റെ പരിശോധന പൂർത്തിയാക്കി കിട്ടിയിട്ടുണ്ട്. രാഷ്ട്രപതിയുടെ അനുമതി ലഭ്യമായിക്കഴിഞ്ഞാൽ ഉടൻ പ്രാബല്യത്തിൽ വരുന്നതും ഈ മേഖലയിലെ തൊഴിലാളികളുടെ സംരക്ഷണം ഉറപ്പുവരുന്നതുമാണ്.

## (6) ക്യാൻസർ രോഗികളുടെ ബുദ്ധിമുട്ടുകൾ

ശ്രീ. എ.കെ. ശശീന്ദ്രൻ: സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മലബാർ മേഖലയിലുള്ള ക്യാൻസർ രോഗികളുടെ ചികിത്സയ്ക്കായി പരിയാരം മെഡിക്കൽ കോളേജ്,

മലബാർ ക്യാൻസർ സെന്റർ, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ആധുനിക ചികിത്സാ സംവിധാനങ്ങളും വിദഗ്ധ ഡോക്ടർമാരുടെ സേവനവും ഉറപ്പുവരുത്തുന്നതിന് സത്വര നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): മലബാർ മേഖലയിൽ വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗികളുടെ എണ്ണം കണക്കിലെടുത്ത് സർക്കാർ മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള റേഡിയോ തെറാപ്പി മെഡിക്കൽ/സർജിക്കൽ ഓങ്കോളജി ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിച്ച് ടേർഷ്യറി ക്യാൻസർ കെയർ സെന്ററുകളാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മലബാർ മേഖലയിലെ ക്യാൻസർ രോഗികളുടെ ചികിത്സ ഉറപ്പുവരുത്തുന്നതിനായി കോഴിക്കോട് മെഡിക്കൽ കോളേജിലെ ക്യാൻസർ വിഭാഗത്തിൽ ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചിട്ടുള്ളതു കൂടാതെ കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ ഉപയോഗപ്പെടുത്തി പുതിയ വാർഡ്, ഓപ്പറേഷൻ തിയേറ്റർ, സ്പെക്ട് ഗാമ ക്യാമറ എന്നിവയടങ്ങുന്ന ടേർഷ്യറി ക്യാൻസർ കെയർ സംവിധാനം ഏർപ്പെടുത്തുന്നതിന് 44.5 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കുട്ടികൾക്കായുള്ള ക്യാൻസർ സുരക്ഷാ പദ്ധതി, സുകൃതം പദ്ധതി, കാരുണ്യാ ബെനവലന്റ് ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി മെച്ചപ്പെട്ട ചികിത്സയും നൽകിവരുന്നു. മലബാർ ക്യാൻസർ സെന്ററിനെ ആർ.സി.സി.യായി

ഉയർത്തുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. ക്യാൻസർ രോഗ ബോധവത്കരണ പരിപാടികളും ക്യാമ്പുകളും നടത്തിവരുന്നതുകൂടാതെ എല്ലാ ജില്ലകളിലേയും സർക്കാർ ആശുപത്രികളിൽ രോഗികൾക്കായി തുടർ കീമോതെറാപ്പി ചികിത്സ നൽകാൻ കഴിയുന്ന തരത്തിൽ ക്യാൻസർ കെയർ പദ്ധതിയുടെ കീഴിൽ ഡോക്ടർമാർക്കും നഴ്സുമാർക്കും പരിശീലനം നൽകുകയും കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ ആശുപത്രികളുമായി ടെലിമെഡിസിൻ വഴിയുള്ള ചികിത്സാ പദ്ധതികളും ആരോഗ്യ തുടർ വിദ്യാഭ്യാസ പരിപാടികളും നടത്തിവരികയും ചെയ്യുന്നു. മലബാർ മേഖലയിലെ ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ ഊരകത്ത് ഇൻകെലിന്റെ ആഭിമുഖ്യത്തിൽ ആധുനിക ചികിത്സാ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആർ.സി.സി.യെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതിന് 120 കോടി രൂപയുടെ ഒരു പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മധ്യകേരളത്തിലെ ക്യാൻസർ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി എറണാകുളത്ത് 450 കോടി രൂപ മുതൽമുടക്കുള്ളതും അന്താരാഷ്ട്ര നിലവാരമുള്ളതുമായ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതാണ്. താഴ്ന്ന വരുമാനക്കാർക്കായി നടപ്പാക്കുന്ന സുകൃതം പദ്ധതിക്ക് നവംബർ 1 മുതൽ തുടക്കം കുറിക്കുന്നതാണ്.

## (7) പാരമ്പര്യ വൈദ്യൻമാരുടെ പ്രശ്നങ്ങൾ

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സംസ്ഥാനത്ത് പാരമ്പര്യചികിത്സാ രംഗത്ത് പ്രവർത്തിക്കുന്ന വൈദ്യൻമാർക്ക് എൽ3 ലൈസൻസുകൾ പുതുക്കി നൽകാത്തതുമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): 1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് സെക്ഷൻ 38 -ൽ അനുശാസിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ളവർക്ക് മാത്രമേ പാരമ്പര്യ ചികിത്സാ രംഗത്ത് പ്രാക്ടീഷണർമാരായി പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. മലബാർ മേഖലയിലെ പാരമ്പര്യ വൈദ്യൻമാരെ പ്രസ്തുത വ്യവസ്ഥയിൽനിന്നും ഒഴിവാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ പുറത്തിറക്കിയ ഉത്തരവ് കേന്ദ്ര നിയമങ്ങൾക്ക് വിരുദ്ധമായതിനാൽ പ്രസ്തുത ഉത്തരവ് റദ്ദാക്കുകയും നിബന്ധനകൾക്ക് വിധേയമായി മാത്രമേ പ്രാക്ടീഷണർമാരായി പ്രവർത്തിക്കാൻ കഴിയുകയുള്ളൂ എന്ന് നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്.

## (8) അകാരണമായി പോലീസ് കസ്റ്റഡിയിലെടുത്തതുമൂലം ജോലി നഷ്ടപ്പെട്ട സംഭവം

ശ്രീ. ബി. സത്യൻ: പോലീസ് ആസ്ഥാനത്ത് വ്യാജ ബോംബ് ഭീഷണിയുണ്ടായതിന്റെ പേരിൽ പോലീസ് കസ്റ്റഡിയിലെടുത്തശേഷം നിരപരാധിയെന്ന് കണ്ടെത്തി വിട്ടയച്ച ലീലാ ഇൻഫോ പാർക്കിലെ സെക്യൂരിറ്റി സൂപ്പർവൈസറായ ബിജു എന്ന യുവാവിന് നഷ്ടപ്പെട്ട ജോലി തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): 8-12-2014- ന് പോലീസ് ആസ്ഥാനത്തെ നാല് സ്ഥലങ്ങളിൽ ബോംബ് വച്ചിട്ടുണ്ടെന്ന സന്ദേശം ലഭിച്ചതനുസരിച്ച് ജീവനക്കാരെ പുറത്താക്കിയശേഷം സംസ്ഥാനത്തെ ആന്റി സബോട്ടേജ് സ്ക്വാഡ്, ഡോഗ് സ്ക്വാഡ് , ബോംബ് സ്ക്വാഡ്, ഫയർ ഫോഴ്സ്, പോലീസ് കൺട്രോൾ റൂം എന്നീ വിഭാഗങ്ങളിലെ സേനാംഗങ്ങൾ തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ സുരക്ഷാപരിശോധന നടത്തുകയും സ്ഫോടകവസ്തുക്കളില്ലെന്ന് ഉറപ്പുവരുത്തിയശേഷം ബ്യൂഗിൾ ക്ലോസിംഗ് അലാറം മുഴക്കി ഉദ്യോഗസ്ഥരെ തിരികെ ഓഫീസിൽ പ്രവേശിപ്പിക്കുകയുമുണ്ടായി. പോലീസ് ആസ്ഥാനത്തെ സുരക്ഷ ഉറപ്പാക്കുന്നതിനായി രഹസ്യസ്വഭാവത്തോടുകൂടിയതും വളരെ ചുരുങ്ങിയ ഉയർന്ന ഉദ്യോഗസ്ഥരുടെ അറിവോടുകൂടിയും മോക്ക് ഡ്രില്ലായിരുന്നു നടത്തിയത് . ഇതിന് സമാനമായി 8-12-2014-ന് പകൽ രണ്ട് മണിക്ക് തിരുവനന്തപുരം സിറ്റി പോലീസ് കൺട്രോൾ

റൂമിൽ 9846636190 എന്ന നമ്പരിൽനിന്നും സന്ദേശം ലഭിക്കുകയും പരിശോധനയിൽ ടെക്നോപാർക്കിലെ ലീലാ ഇൻഫോപാർക്കിൽ സെക്യൂരിറ്റി ഉദ്യോഗസ്ഥനായി ജോലിനോക്കുന്ന കിളിമാനൂർ സ്വദേശിയായ ബിജുവിന്റെ ഫോണിൽനിന്നും വന്ന സന്ദേശമാണെന്നും കണ്ടെത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഇയാളെ മ്യൂസിയം പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്ന് വിവരങ്ങൾ ശേഖരിക്കുകയും കുറ്റക്കാരനല്ലെന്ന് മനസ്സിലായതിന്റെ അടിസ്ഥാനത്തിൽ മൊഴിരേഖപ്പെടുത്തിയശേഷം വിട്ടയയ്ക്കുകയുമുണ്ടായി. ഇത്തരം ഒരു സന്ദേശം ലഭിച്ചാൽ പാലിക്കുന്ന ജാഗ്രതാനടപടികൾ മാത്രമാണ് പോലീസ് ഇക്കാര്യത്തിലും സ്വീകരിച്ചത്. പ്രസ്തുത ഫോൺ നമ്പർ കൺട്രോൾ റൂമിൽ വന്നതുസംബന്ധിച്ച് മൊബൈൽ ഫോൺ സർവ്വീസ് പ്രൊവൈഡറിൽനിന്നും സാങ്കേതികവിദഗ്ദ്ധരിൽനിന്നുമുള്ള വിവരങ്ങൾ ശേഖരിച്ചുകൊണ്ടുള്ള അന്വേഷണം നടന്നുവരികയാണ്. ബിജുവിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ലെന്ന വിവരം ജോലി ചെയ്യുന്ന സ്ഥാപനത്തിലെ സെക്യൂരിറ്റി ഇൻ-ചാർജ്ജിനെ അറിയിച്ചിട്ടുണ്ട്. ബിജുവിന് ജോലിയിൽ തുടരുന്നതിന് യാതൊരു നിയമതടസ്സവുമില്ല. ഇക്കാര്യത്തിൽ തിരുവനന്തപുരം സിറ്റി പോലീസ് ജില്ലാ മേധാവി തുടരന്വേഷണം നടത്തിവരികയാണ്.

## (9) നീര ഉൽപ്പാദനത്തിലെ തടസ്സങ്ങൾ നീക്കം ചെയ്യൽ

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: എക്സൈസ് -കൃഷി വകുപ്പുകളുടെ സഹകരണത്തോടെ കമ്പനിയായി രജിസ്റ്റർ ചെയ്തിട്ടുള്ള ഫെഡറേഷനുകൾക്ക് ആവശ്യാനുസരണം നീര ഉൽപ്പാദിപ്പിക്കുന്നതിന് പ്രയോജനപ്രദമായ രീതിയിൽ നിയമം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): നീര ഉൽപ്പാദനത്തിനുള്ള തടസ്സങ്ങൾ നീക്കം ചെയ്തുകൊണ്ട് നീരയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പാദനവും വിപണനവും ശക്തിപ്പെടുത്തുന്നതിന് കൃഷി-എക്സൈസ് വകുപ്പുകളുടെ ഏകോപനപരമായ പ്രവർത്തനം ഉറപ്പുവരുത്തിയിട്ടുണ്ട്. കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും നാളികേര നീര ബോർഡ് രൂപീകരിക്കാൻ ഉത്തരവായിട്ടുണ്ട്. സർക്കാർ ഉത്തരവുപ്രകാരം നീര ഉൽപ്പാദനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിനും അന്തിമ തീരുമാനമെടുക്കുന്നതിനുമായി വിദഗ്ധരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

## (10) കൊമ്മേരി ഗോട്ട് ഫാം ടൂറിസം കേന്ദ്രമാക്കൽ

ശ്രീ. ഇ. പി. ജയരാജൻ: ടൂറിസം- കൃഷി വകുപ്പുകളുടെ സഹകരണത്തോടെ

മതിയായ തുക വകയിരുത്തി മട്ടന്നൂർ മണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കൊമ്മേരി ഗോട്ട്ഫാം ടൂറിസം കേന്ദ്രമായും ഗവേഷണകേന്ദ്രമായും വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പന്ത്രണ്ട് ഏക്കറിൽ പ്രവർത്തിക്കുന്ന കോളയാട് ഗ്രാമപഞ്ചായത്തിലെ കൊമ്മേരി ആടുവളർത്തൽ കേന്ദ്രത്തിൽ നല്ലയിനം തനത് ജനുസ്സുകളായ മലബാറി ഇനം ആടുകളെ പരിപാലിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. ഈ സ്ഥാപനത്തെ ശക്തിപ്പെടുത്തി കൂടുതൽ ആടുകളെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. തൊള്ളായിരം പെൺ ആടുകളെയും നൂറ് മുട്ടനാടുകളെയും പരിപാലിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ച് ആർ.കെ.വി.വൈ.പദ്ധയിയിലുൾപ്പെടുത്തി നാലരക്കോടി രൂപ ധനസഹായം അനുവദിക്കുന്നതിനുള്ള ബൃഹത് പദ്ധതിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുമ്പോൾ വർഷംതോറും ഉദ്ദേശം 2700 ആട്ടിൻകുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിൽ പകുതിയോളം പെൺകുഞ്ഞുങ്ങളെ കർഷകർക്ക് പ്രജനനാവശ്യത്തിന് വിതരണം ചെയ്യുന്നതിനും മുട്ടനാട്ടിൻ കുട്ടികളെ മാംസ്യോൽപ്പാദനാവശ്യങ്ങൾക്കും ഉപയോഗിക്കാൻ സാധിക്കും. കൂടാതെ നിലവിൽ സമർപ്പിച്ചിട്ടുള്ള പദ്ധതിയിൽ ഗവേഷണപ്രവർത്തനങ്ങൾക്കോ ഫാം

ടൂറിസത്തിനോ തുക വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ ഫാം ടൂറിസത്തിനും ഗവേഷണത്തിനും തുക അനുവദിക്കാൻവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്താനായി ആവശ്യമായ ഫണ്ട് അനുവദിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (11) ട്രെയിൻ യാത്രക്കാരിൽനിന്നും അനധികൃത തുക ഈടാക്കൽ

ശ്രീ. പി. സി. വിഷ്ണുനാഥ്: പകൽ സമയത്ത് ദീർഘദൂര ട്രെയിനുകളിൽ സ്ലീപ്പർ കോച്ചുകളിലെ യാത്രക്കാരിൽനിന്നും റിസർവേഷൻ ചാർജ് എന്ന പേരിൽ അധികതുക ഈടാക്കുന്നത് ഒഴിവാക്കുന്നതിന് സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ഈ വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവന്നതിന്റെ ഫലമായി ചെന്നൈ ആസ്ഥാനമായ സതേൺ റെയിൽവേ ജനറൽ മാനേജറുടെ ഡിസ്ക്രീഷിനറി പവർ ഉപയോഗിച്ച് കേരളത്തിനുവേണ്ടി മാത്രം തിരുവനന്തപുരത്തുനിന്നും പുറപ്പെടുന്നതും തിരുവനന്തപുരത്ത് എത്തിച്ചേരുന്നതുമായ ഒമ്പത് ട്രെയിനുകളിൽ ഏതാനും കോച്ചുകൾ ഡിസ് റിസർവ് ചെയ്തിട്ടുണ്ട്. മിനിമം ചാർജ് 115 രൂപയും റിസർവേഷൻ ചാർജ് ഇരുപത് രൂപയുമാണ് ഈടാക്കിവരുന്നത്. തിരുവനന്തപുരവുമായി ബന്ധപ്പെട്ട് വരുന്ന ഇത്തരം ട്രെയിനുകളിൽ റിസർവേഷൻ ചാർജ് വേണ്ടെന്നും ഹ്രസ്വദൂര സർവ്വീസുകളിലും സീസൺടിക്കറ്റ് ഉപയോഗിച്ചുള്ള

യാത്രക്കാർക്കും ഇതിൽ യാത്രചെയ്യാമെന്നും സതേൺ റെയിൽവേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് ബാക്കിയുള്ള ട്രെയിനുകൾക്കും ബാധകമാക്കണമെന്ന കാര്യം കേന്ദ്രത്തോട് ആവശ്യപ്പെടുന്നതാണ്.

## (12) പുതിയ പി.ജി. കോഴ്സുകൾ

ശ്രീ. ഷാഫി പറമ്പിൽ: പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിലും ദേശീയഭാഷയിലും ചെമ്പൈ സംഗീത കോളേജിലും പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): 2014-15 അദ്ധ്യയനവർഷം സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതു സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ച ശിപാർശയിൽ ഗവൺമെന്റ് വിക്ടോറിയ കോളേജിൽ ഹിന്ദി, തമിഴ്, മലയാളം, എന്നീ വിഷയങ്ങളിൽ എം.എ. കോഴ്സും ചെമ്പൈ സംഗീതകോളേജിൽ വീണ, വയലിൻ, മൃദംഗം എന്നിവയിൽ എം.എ. കോഴ്സുകളും ആരംഭിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക അച്ചടക്കം നിലവിലുള്ളതിനാൽ 2015-ൽ ആവശ്യകതാപഠനം നടത്തിയശേഷം ശിപാർശ വീണ്ടും പരിഗണനയ്ക്കായി സമർപ്പിക്കാനാണ് ധനകാര്യവകുപ്പ് നിർദ്ദേശിച്ചിരിക്കുന്നത്. ഈ സർക്കാർ വന്നതിനുശേഷം സർക്കാർ/എയിഡഡ് മേഖലകളിൽ പതിനെട്ട് ആർട്സ് ആന്റ് സയൻസ്

കോളേജുകളും നാല് പുതിയ എയിഡഡ് കോളേജുകളും ആരംഭിച്ചിട്ടുണ്ട്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് നിലവിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ കൂടുതൽ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (13) ഗ്രേസ് മാർക്ക് ഉയർത്തൽ

ശ്രീ. ആർ. സെൽവരാജ്: ജൂനിയർ റെഡ് ക്രോസ് കേഡറ്റുകൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് നൽകുന്ന ഗ്രേസ് മാർക്ക് സമാന സംഘടനകൾക്ക് ലഭിക്കുന്ന ഗ്രേസ് മാർക്കിന് തുല്യമായി ഉയർത്താൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ജൂനിയർ റെഡ് ക്രോസ് കേഡറ്റുകൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയിൽ നൽകുന്ന ഗ്രേസ് മാർക്ക് 25 ആയി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത ആവശ്യത്തിന്മേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ പരീക്ഷാ ഭവൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചശേഷം ഈ ആവശ്യം പരിശോധിക്കുന്നതാണ്.

## (14) ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നത് ഒഴിവാക്കൽ

ശ്രീ. പി. എ. മാധവൻ: അരിമ്പൂർ ഗ്രാമപഞ്ചായത്ത് ആഫീസിനോട് അനുബന്ധിച്ചുള്ള സ്ഥലത്ത് മോട്ടോർ വാഹന വകുപ്പ് നടത്തുന്ന ഡ്രൈവിംഗ് ടെസ്റ്റും വാഹന പരിശോധനയും ഒഴിവാക്കാൻ സത്വര നടപടി സ്വീകരിക്കാനും നിർദ്ദേശിച്ച

സ്ഥലത്ത് ആധുനിക രീതിയിലുള്ള ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താനും തയ്യാറാകണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഡ്രൈവിംഗ് ടെസ്റ്റ്, വാഹന പരിശോധന എന്നിവയ്ക്കായി മോട്ടോർ വാഹന വകുപ്പിന് തൃശ്ശൂർ ജില്ലയിൽ സ്വന്തമായി സ്ഥലമില്ലാത്തതിനാൽ ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം ജില്ലയിലെ അരിമ്പൂർ പഞ്ചായത്തിലെ വെളുത്തൂർ വില്ലേജിൽ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിലാണ് പ്രസ്തുത ടെസ്റ്റുകൾ നടത്തുന്നത്. മോട്ടോർ വാഹന വകുപ്പിന് കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവിംഗ് ടെസ്റ്റ്, യാർഡ്, വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ, ട്രെയിനിംഗ് സെന്റർ എന്നിവ തുടങ്ങുന്നതിന് സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന്റെ കൈവശമുള്ള തലപ്പിള്ളി താലൂക്കിലെ വെളപ്പായ വില്ലേജിൽപ്പെട്ട ഭൂമി പാട്ട വ്യവസ്ഥയിൽ വ്യവസായ വകുപ്പിന്റെ അനുമതിയോടുകൂടി കൈമാറാൻ തയ്യാറാണെന്ന് സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് അറിയിച്ച സാഹചര്യത്തിൽ വ്യവസായ വകുപ്പിന്റെ അനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. മറ്റേതെങ്കിലും സ്ഥലം ലഭ്യമായാൽ ഡ്രൈവിംഗ് ടെസ്റ്റും വാഹന പരിശോധനയും പ്രസ്തുത സ്ഥലത്ത് നടത്തുന്നതാണ്. സ്വന്തമായി ഉടമസ്ഥാവകാശം ലഭിക്കാതെ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിന് അനുമതി നൽകിയതിനെക്കുറിച്ച് അന്വേഷണം

നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (15) ബസ് ചാർജ് കുറയ്ക്കണമെന്ന ആവശ്യം

ശ്രീ. വി.റ്റി. ബൽറാം: ഇന്ധന വിലയിലുണ്ടായ കുറവിന് അനുസൃതമായി ബസ് ചാർജ് കുറയ്ക്കാനും റെഗുലേറ്ററി കമ്മീഷനെ നിയമിക്കാനും ഫെയർ സ്റ്റേജ് നിർണ്ണയത്തിലെ അപാകത പരിഹരിക്കാനും വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിക്കാനും വികലാംഗർക്ക് ദൂരപരിധിയില്ലാതെ സൗജന്യയാത്ര അനുവദിക്കാനും നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ബസ് ചാർജ് വർദ്ധനവിനെ സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനായി ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ നിലവിലുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ അതാത് കാലത്തെ പ്രശ്നങ്ങൾ പരിശോധിച്ച് ഗവൺമെന്റിനെ ഉപദേശിക്കുന്ന സംവിധാനം നടപ്പാക്കുന്നതിനെക്കുറിച്ച് തീരുമാനിക്കുന്നതാണ്. നിലവിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൺസഷൻ കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യുന്ന ഹയർ സെക്കണ്ടറി വരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും 2015 ഫെബ്രുവരി മാസം 1-ാം തീയതി മുതൽ സമ്പൂർണ്ണ സൗജന്യയാത്ര അനുവദിക്കുന്നതാണ്. ഇതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി

10 രൂപ ഈടാക്കിക്കൊണ്ട് ഒരു കാർഡ് വിതരണം ചെയ്യുന്നതാണ്. ഈ കാർഡുപയോഗിച്ച് ഒരു ദിവസം രണ്ട് പ്രാവശ്യം യാത്ര ചെയ്യാവുന്നതും ബി.പി.എൽ. വിഭാഗം, പെൺകുട്ടികൾ, പട്ടികവർഗ്ഗ വിഭാഗം, സർക്കാർ സ്കൂൾ വിദ്യാർത്ഥികൾ എന്നിവർക്ക് മുൻഗണന നൽകുന്നതുമാണ്.

## (16) തോട്ടം തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം

ശ്രീ. കെ. കെ. ജയചന്ദ്രൻ: ഹാരിസൺ മലയാളം പ്ലാന്റേഷനിൽനിന്നും സർക്കാർ ഏറ്റെടുക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പുവരുത്താനും പി.എഫ്., ഗ്രാറ്റുവിറ്റി തുടങ്ങിയ കുടിശ്ശിക നൽകാനും നടപടി സ്വീകരിക്കണം. പ്രസ്തുത വിഷയം തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയിൽനിന്നും സർക്കാർ ഏറ്റെടുത്തതും ഏറ്റെടുക്കാൻ ബാക്കിയുള്ളതുമായ തോട്ടങ്ങളിലെ തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടത്തക്ക രീതിയിലുള്ള ഒരു നടപടിയും ഗവൺമെന്റ് സ്വീകരിക്കുകയില്ല. ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായാൽ നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന സേവന-വേതന നിരക്കുകൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ജീവിത

നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തുന്നത് സംബന്ധിച്ചും ആലോചിക്കുന്നതാണ്. തൊഴിലാളികളുടെ പൂർണ്ണമായ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഹാരിസൺ പ്ലാന്റേഷനുമായി ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസുകളിൽ ഭൂരിഭാഗവും തൊഴിലാളികളുമായി ബന്ധപ്പെട്ടതാണ്. തൊഴിലാളികളെ മുന്നിൽനിറുത്തി വിലപേശുന്ന നടപടികളാണ് കമ്പനി സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഗവൺമെന്റിന് തിരിച്ചുകിട്ടേണ്ട ഭൂമിയാണെന്ന നിലപാട് കോടതിയിൽ ബോധിപ്പിച്ചിട്ടുണ്ട്. ജനുവരി 20-ാം തീയതി വരെ ഹാരിസൺ ഭൂമിയിൽ തൽസ്ഥിതി തുടരണമെന്നാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്. കോടതിയുടെ നിർദ്ദേശാനുസരണമാണ് ലാന്റ് കൺസർവൻസി ആക്ട് അനുസരിച്ച് നോട്ടീസ് നൽകിയത്. കമ്പനിക്ക് അവകാശപ്പെട്ട ഭൂമിയാണെന്ന് തെളിയിക്കാനാവശ്യമായ രേഖ ഹാജരാക്കാൻ അവർക്ക് സാധിച്ചിട്ടില്ല. എറണാകുളം ജില്ലാ കളക്ടറെ സ്പെഷ്യൽ ഓഫീസറായി നിയോഗിച്ചാണ് ഗവൺമെന്റ് തുടർ നടപടികളുമായി മുന്നോട്ടുപോകുന്നത്.

## (17) <u>അതിർത്തി പുനർനിർണ്ണയം</u>

<u>ശ്രീ. കെ. വി. വിജയദാസ്:</u> പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിലെ

കാഞ്ഞിരപ്പുഴ പഞ്ചായത്തിൽപ്പെട്ട പാമ്പൻതോട്, ഓടക്കുന്ന് പ്രദേശവും തച്ചൻപ്പാറ പഞ്ചായത്തിലെ വട്ടപ്പാറ പ്രദേശവും കള്ളമല വില്ലേജിൽനിന്നും വേർപെടുത്തി പാലക്കയം വില്ലേജിന്റെ പരിധിയിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ആദിവാസി മേഖലയായ കള്ളമല വില്ലേജിൽ ഉൾപ്പെടുന്ന പാമ്പൻതോട്, തൈക്കുന്ന്, വട്ടപ്പാറ പ്രദേശത്തെ ജനങ്ങൾക്ക് സർക്കാരിന്റെ ആനുകൂല്യങ്ങൾക്കായുള്ള സാക്ഷ്യപത്രവും മറ്റും വാങ്ങുന്നതിനായി ദീർഘദൂരം യാത്ര ചെയ്യേണ്ടി വരുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ പ്രസ്തുത പ്രദേശങ്ങളെ പാലക്കയം വില്ലേജിൽ ഉൾപ്പെടുത്തി അതിർത്തി പുനർനിർണ്ണയം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (18) കക്കയം-പെരുവണ്ണാമൂഴി ടൂറിസം പദ്ധതി

ശ്രീ. പുരുഷൻ കടലുണ്ടി: കക്കയം -പെരുവണ്ണാമൂഴി ടൂറിസം വികസന പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ള നടപടികളെന്താണെന്ന് വ്യക്തമാക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): ബാലുശ്ശേരി മണ്ഡലത്തിലെ കക്കയം-പെരുവണ്ണാമൂഴി

ടൂറിസം വികസന പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകി ഫണ്ട് അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് ഭരണാനുമതി നൽകി നിർവ്വഹണ ഏജൻസിയായി ഇറിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും വിവിധ കാരണങ്ങളാൽ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാതിരുന്നതിനാൽ കേന്ദ്രം അനുവദിച്ച തുക തിരിച്ചടയ്ക്കേണ്ടതായി വന്നു. പ്രസ്തുത പദ്ധതിയിലുൾപ്പെട്ടിരുന്ന ചില ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനത്തിന് തുടക്കം കുറിച്ചതുകൊണ്ടും പദ്ധതി പൂർത്തിയാക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടതിനാലും നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റ് ഭരണാനുമതി നൽകുകയും തുക അനുവദിക്കുകയും പതിനെട്ട് മാസത്തിനകം പൂർത്തീകരിക്കാൻ ഇറിഗേഷൻ വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതോടൊപ്പം രണ്ടാം ഘട്ടത്തിനാവശ്യമായ തുക കൂടി അനുവദിക്കുന്നതും എത്രയും പെട്ടെന്ന് പദ്ധതി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്.

## (19) <u>പി.ഡബ്ല്യൂ.ഡി., എ.എക്സ്.ഇ.യുടെ ഓഫീസ് മാറ്റാനുള്ള നീക്കം</u>

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> ഫോർട്ട് കൊച്ചിയിൽ പ്രവർത്തിച്ചുവരുന്ന പി.ഡബ്ല്യൂ.ഡി.യുടെ സ്പെഷ്യൽ ബിൽഡിംഗ് എ.എക്സ്.ഇ.യുടെ ഓഫീസ് കളമശ്ശേരി

മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റാനുള്ള തീരുമാനത്തിൽനിന്ന് പിൻമാറണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കഴിഞ്ഞ വർഷമാണ് കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്നത്. എല്ലാ മെഡിക്കൽ കോളേജുകൾക്കും സബ് ഡിവിഷനും സെക്ഷൻ ഓഫീസും ഉണ്ട് എങ്കിലും സർക്കാരിന്റെ സാമ്പത്തിക പ്രയാസം കണക്കിലെടുത്ത് പുതിയ സെക്ഷനും സബ് ഡിവിഷനും അനുവദിക്കാൻ നിർവ്വാഹമില്ല. പ്രസ്തുത ഓഫീസ് മാറ്റുന്ന കാര്യത്തിൽ കൂടിയാലോചനകൾക്കുശേഷം അന്തിമ തീരുമാനമെടുക്കുന്നതായിരിക്കും.

## (20) പി.എം.ജി.എസ്.വൈ. പദ്ധതിയുടെ രണ്ടാം ഘട്ടം

ശ്രീ. സണ്ണി ജോസഫ്: ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനുവേണ്ടി നടപ്പിലാക്കുന്ന പി.എം.ജി.എസ്.വൈ. പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് രണ്ടായിരം കിലോമീറ്റർ റോഡ് എങ്കിലും കേന്ദ്ര ഗവൺമെന്റിൽനിന്നും നേടിയെടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന പദ്ധതി പ്രകാരം സംസ്ഥാനത്തിന് ലഭിച്ച തുക ചെലവഴിക്കാത്തതിനാൽ പദ്ധതിയുടെ

രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്തെ ഉൾപ്പെടുത്തിയില്ല. പി.എം.ജി.എസ്.വൈ. പദ്ധതിയുടെ 2010-11 വരെ മുടങ്ങിക്കിടന്ന 303 റോഡുകളും പദ്ധതിയുടെ എട്ടാം ഘട്ടത്തിൽ ലഭിച്ചതിൽ 345 റോഡുകളും ഉൾപ്പെടെ 648 റോഡുകളുടെ പ്രവൃത്തി സംസ്ഥാന ഫണ്ടിൽനിന്നും 42 ശതമാനം ടെൻഡർ എക്സസ് നൽകിയതുമൂലം ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. ഇതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് 314 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് കേരളത്തിന് അർഹമായ പരിഗണന ലഭിക്കുന്നത് സംബന്ധിച്ച് എം.പി.മാരുടെ യോഗത്തിൽ ഉന്നയിച്ചിട്ടുണ്ട്. പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം കൂടുതൽ പ്രവൃത്തി ലഭിക്കുന്നതിനായി കൂട്ടായി ശ്രമിച്ചാൽ എല്ലാ മേഖലയ്ക്കും അർഹമായ പരിഗണന നൽകാൻ സാധിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി V-ന്റെ 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്,

യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ അൻപത് മുതൽ അറുപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(4) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(5) ഹർജികൾ സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(6) മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കാര്യോപദേശക സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## ക്രമപ്രശ്നം

### കാര്യോപദേശക സമിതിയുടെ ഇരുപതാമത് റിപ്പോർട്ട്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കാര്യോപദേശക സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് വീണ്ടും അതേ സമിതിയുടെ പരിഗണനയ്ക്ക് തിരിച്ച് അയയ്ക്കണമെന്ന

ഭേദഗതി അവതരിപ്പിക്കുന്നു. 10.12.2014-ന് പ്രതിപക്ഷാംഗങ്ങളുടെ അസാന്നിദ്ധ്യത്തിൽ കൂടിയ കാര്യോപദേശക സമിതി ഡിസംബർ 15 മുതൽ 18 വരെയുള്ള തീയതികളിലെ ബിസിനസ്സുകളാണ് തീരുമാനിച്ചിരിക്കുന്നത്. 18.12.2014-ന് സബ്ജക്ട്കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള രണ്ട് ബില്ലുകളും ധനവിനിയോഗ ബില്ലുകളും പരിഗണനയ്ക്കെടുക്കേണ്ടതിനാൽ കുറെയധികം ചർച്ചകൾ നടത്തി പാസ്സാക്കേണ്ട ബില്ലുകളുടെ പരിഗണനയ്ക്ക് രണ്ട് മണിക്കൂർ സമയം മാത്രമേ ലഭിക്കുകയുള്ളൂ. ആയതിനാൽ പ്രസ്തുത റിപ്പോർട്ട് ഇന്ന് പരിഗണനയ്ക്കെടുക്കാതെ വീണ്ടും സമിതി കൂടി റിപ്പോർട്ട് സമർപ്പിക്കണം.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: കാര്യോപദേശക സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് വീണ്ടും അതേ സമിതിയുടെ പരിഗണനയ്ക്ക് തിരിച്ച് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2014 ഡിസംബർ മാസം 18-ാം തീയതി വരെയുള്ള ബിസിനസ്സുകൾ 10.12.2014-ന് കൂടിയ യോഗത്തിൽ തീരുമാനിച്ചതിനാൽ ഡിസംബർ 15-ാം തീയതി സമിതി വീണ്ടും കൂടുന്നതിന് പ്രസക്തിയില്ല.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): നേരത്തേ ആവശ്യപ്പെട്ടിരുന്നുവെങ്കിൽ 10.12.2014-ലെ കാര്യോപദേശക സമിതി യോഗം മാറ്റിവയ്ക്കുമായിരുന്നു. യോഗം പിരിഞ്ഞതിനുശേഷംമാത്രമാണ് പ്രതിപക്ഷാംഗങ്ങൾ യോഗത്തിൽ പങ്കെടുക്കുന്നില്ലെന്ന വിവരം അറിയിച്ചുകൊണ്ടുള്ള കത്ത് ലഭിച്ചത്.

പ്രതിപക്ഷാംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ ചില തീരുമാനങ്ങളെടുക്കേണ്ടതിനാലാണ് 2014 ഡിസംബർ മാസം 15-ാം തീയതി കാര്യോപദേശക സമിതി യോഗം കൂടാൻ തീരുമാനിച്ചിരിക്കുന്നത്. സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കാര്യോപദേശക സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് 44-നെതിരെ 64 വോട്ടുകളോടെ സഭ അംഗീകരിച്ചു.

## നിയമനിർമ്മാണകാര്യം

### (1) 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ)ഭേദഗതി ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.

പി. മോഹനൻ) :പ്രമേയത്തെ പിന്താങ്ങുന്നു.

## ക്രമപ്രശ്നം

### ബില്ലിലെ അപാകത

ശ്രീ. എ. കെ. ബാലൻ: ഈ ബിൽ ഭരണഘടനാവിരുദ്ധവും പൗരാവകാശ ലംഘനവുമാണ്. മണിചെയിൻ, കൊള്ളപ്പലിശക്കാർ, ഹവാലാ തട്ടിപ്പുകാർ എന്നിവയുടെ നിർവ്വചനങ്ങൾ മറ്റു നിയമങ്ങളിൽ നിർവ്വചിച്ചിരിക്കുന്നതിന് കടകവിരുദ്ധമായിട്ടായതിനാൽ ആവശ്യമായ വ്യക്തത വരുത്തണം. കരുതൽ തടങ്കലിന്റെ കാലാവധി വർദ്ധിപ്പിക്കുന്നത് ദുരുപയോഗിക്കപ്പെടും. ബില്ലിലെ 16(എ) മുതൽ 17(എഫ്) വരെയുള്ള വകുപ്പുകളിൽ പ്രതിപാദിച്ചിരിക്കുന്ന ഭൗതികവസ്തു ഉപയോഗിക്കുന്നതും പരിശോധിക്കുന്നതും പിടിച്ചെടുക്കുന്നതും സംബന്ധിച്ചുള്ള നിർവ്വചനങ്ങൾ അപകടകരമായ സ്ഥിതിവിശേഷമുണ്ടാക്കുന്നതിനാൽ ഇതിനും വ്യക്തത വരുത്തണം.

ശ്രീ. രമേശ് ചെന്നിത്തല: ബില്ലിലെ 16(എ) മുതൽ 17(എഫ്) വരെയുള്ള വകുപ്പുകൾക്കാണ് തടസ്സവാദം ഉന്നയിച്ചത്. ഹവാലക്കാരൻ എന്ന് പറഞ്ഞതിൽ ഏതെങ്കിലും സംഘത്തിൽ പ്രവർത്തിക്കുന്ന ഒരാൾ എന്ന് പറഞ്ഞിരിക്കുന്നത് മലയാളം പരിഭാഷയിലുണ്ടായ വ്യത്യാസമാണ്. ഇംഗ്ലീഷ് പരിഭാഷ വായിച്ചാൽ ഈ സംശയം ദൂരീകരിക്കാം. 17 (ബി) മുതൽ 17(ഡി) വരെയുള്ള വകുപ്പുകളിൽ

സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ച ഭൗതിക വസ്തുക്കൾ പിടിച്ചെടുത്തശേഷം കണ്ടുകെട്ടുന്നതിന് ക്രിമിനൽ നടപടി സംഹിതയിലോ ക്രിമിനൽ റൂൾസ് ഓഫ് പ്രാക്ടീസിലോ വ്യക്തമായ വ്യവസ്ഥകൾ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ ഇതിലെ വ്യവസ്ഥകൾ ക്രിമിനൽ നടപടി സംഹിതയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ല. ക്രിമിനൽ നടപടിസംഹിതയിലെ വകുപ്പ് 5 പ്രകാരം സംസ്ഥാന നിയമങ്ങൾ ഉണ്ടാക്കുമ്പോൾ അത്തരം നിയമങ്ങളുടെ നടത്തിപ്പിനാവശ്യമായ നടപടിക്രമങ്ങൾ നിയമത്തിൽത്തന്നെ ഉൾപ്പെടുത്താനുള്ള അധികാരം സംസ്ഥാന നിയമസഭകൾക്ക് നൽകിയിട്ടുണ്ട്. ഈ കാരണങ്ങൾകൊണ്ട് ശ്രീ. എ. കെ. ബാലൻ ഉന്നയിച്ച തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധമല്ലാത്ത രീതിയിൽ 16 (എ) വകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കാമെന്ന് പ്രസ്തുത വകുപ്പിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. 17 (ബി) മുതൽ 17(ഡി) വരെയുള്ള വകുപ്പുകളിൽ സാമൂഹ്യവിരുദ്ധ പ്രവർത്തങ്ങൾക്ക് ഉപയോഗിച്ച ഭൗതിക വസ്തുക്കൾ പിടിച്ചെടുത്ത് കണ്ടുകെട്ടുന്ന നടപടിക്രമങ്ങൾ സംബന്ധിച്ച് സി.ആർ.പി.സി. സെക്ഷൻ 451 മുതൽ 455 വരെയുള്ള ഭാഗങ്ങളിൽ വ്യക്തമായി പ്രതിപാദിച്ചതായി കാണുന്നില്ല. അതുകൊണ്ട് ഈ ബില്ലിലെ വ്യവസ്ഥകൾ ക്രിമിനൽ നടപടി സംഹിതയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന ശ്രീ. എ. കെ. ബാലന്റെ

തടസ്സവാദം നിലനിൽക്കുന്നതല്ല. ഈ ബില്ലിലെ വ്യവസ്ഥകൾ ഭരണഘടനാവിരുദ്ധമാണോയെന്ന് ആത്യന്തികമായി തീരുമാനിക്കാനുള്ള അവകാശം കോടതികൾക്കാണ്.

ശ്രീ. രമേശ് ചെന്നിത്തല: സമൂഹത്തിൽ വർദ്ധിച്ചുവരുന്ന സാമൂഹ്യവിരുദ്ധ പ്രവണതകളായ മണിചെയിൻ തട്ടിപ്പ്, ഹവാല തട്ടിപ്പ്, ബ്ലെയിഡ് മാഫിയ ഇവയ്ക്കെതിരെ കടുത്ത നിയമനടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. രാഷ്ട്രീയ പ്രവർത്തകർക്കെതിരെ അനാവശ്യമായി കാപ്പ നിയമം പ്രയോഗിക്കരുതെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിയമം ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനായി കാപ്പാ അഡ്വൈസറി കമ്മിറ്റിയുടെയും ഹൈക്കോടതിയുടെയും സഹായം ലഭ്യമാകുന്നതാണ്. ഒരിക്കൽ കാപ്പ കേസിൽ ഉൾപ്പെട്ട് ശിക്ഷിക്കപ്പെട്ടവർ വീണ്ടും അതേ പ്രവൃത്തിയിലേർപ്പെടുകയാണെങ്കിൽ അത്തരക്കാരെ നേരിടുന്നതിനും നിലവിലുള്ള കാപ്പ നിയമം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വേണ്ടിയാണ് ഇത്തരമൊരു ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്. സാരണക്കാരുടെ പൗരാവകാശങ്ങളെ ധ്വംസിക്കുന്ന നിലപാടിനോട് ഗവൺമെന്റിന് യോജിപ്പില്ല. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന അക്രമങ്ങളും കുറ്റകൃത്യങ്ങളും തടയുന്നതിനും ക്വട്ടേഷൻ സംഘങ്ങളെ അമർച്ച ചെയ്ത് ജനങ്ങൾക്കിടയിൽ സമാധാനാന്തരീക്ഷം നിലനിർത്തുന്നതിനും വേണ്ട

നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-01-2015 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇത്തരമൊരു ഭേദഗതി ബിൽ കൊണ്ടുവരുമ്പോൾ വളരെയധികം പ്രാധാന്യത്തോടുകൂടി കേരളത്തിൽ നടപ്പിലാക്കിയ ഓപ്പറേഷൻ കുബേരയുടെ ഇപ്പോഴത്തെ അവസ്ഥയെപ്പറ്റി ആലോചിക്കേണ്ടതുണ്ട്. സമൂഹത്തിലുണ്ടാകുന്ന സംഘടിത കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടി 2007-ൽ പ്രസ്തുത നിയമം നിലവിൽ വന്നതിനുശേഷവും കുറ്റകൃത്യങ്ങൾ തുടരുന്നുവെന്നത് ഒരു പോരായ്മതന്നെയാണ്. ഇത്തരം നിയമപരിധിക്കുള്ളിൽ വരേണ്ട വമ്പന്മാരായ കുറ്റവാളികൾ രക്ഷപ്പെടുന്ന സ്ഥിതിവിശേഷം അവസാനിപ്പിക്കണം. കേരളത്തിലെ സാധാരണ കർഷകരെയും അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളെയും മണിചെയിൻ ശൃംഖലയിൽ നിന്നും രക്ഷിക്കുന്നതിന് ഈ നിയമത്തിന്റെ നിർവ്വചനത്തിൽ മാറ്റം വരുത്തുകയും ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ഇത് വിപുലപ്പെടുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

ശ്രീ. കെ. മുരളീധരൻ: 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ

(തടയൽ) ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മാറിവരുന്ന കാലഘട്ടത്തിൽ സൈബർ കുറ്റകൃത്യങ്ങൾ അടക്കമുള്ളവ തടയുന്നതിന്റെ ഭാഗമായാണ് ഈ ഭേദഗതി ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബില്ലിൽ മണി ചെയിൻ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുകയും കരുതൽ തടങ്കലിന്റെ പരമാവധി കാലയളവ് ഒരു വർഷമായി വർദ്ധിപ്പിക്കുകയും വാഹനങ്ങൾ ഉൾപ്പെടെയുള്ളവ പിടിച്ചെടുക്കാൻ അധികാരം നൽകുകയും കൊള്ളപ്പലിശക്കാർ, ഹവാല തട്ടിപ്പുകാർ എന്നിവയ്ക്ക് വ്യക്തമായ നിർവ്വചനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. 'ഓപ്പറേഷൻ കുബേര' അനുസരിച്ചും മയക്കുമരുന്ന് വിൽപ്പന നടത്തുന്നവർക്കെതിരെയും രജിസ്റ്റർ ചെയ്യുന്ന കേസുകൾ കാപ്പ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണം. ബഹു. കേരളാ ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിയനുസരിച്ച് നോക്കുകൂലിയെ കാപ്പ നിയമത്തിന്റെ കീഴിലും മൂന്ന് ക്രിമിനൽ കേസുകളിലെങ്കിലും പ്രതികളായിട്ടുള്ളവരെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളുടെ പരിധിയിലും ഉൾപ്പെടുത്തണം. സംസ്ഥാനത്ത് മാവോയിസ്റ്റുകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മുഖ്യധാരാ രാഷ്ട്രീയകക്ഷികൾ ഒരുമിച്ചെടുക്കുന്ന തീരുമാനങ്ങൾപോലും മാവോയിസ്റ്റുകളും

മതതീവ്രവാദ സംഘടനകളും വേഷംമാറി ജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് തടസ്സപ്പെടുത്തുന്ന കാഴ്ച അടുത്തകാലത്തായി കേരളത്തിൽ കണ്ടുവരുന്നുണ്ട്. എറണാകുളത്തും കോഴിക്കോടും നടന്നതും അടുത്തതായി ആലപ്പുഴയിൽ നടത്തുമെന്ന് പ്രഖ്യാപിച്ചതും തികച്ചും സാമൂഹ്യവിരുദ്ധമായതുമായ ചുംബനസമരത്തിനെതിരെയും കർശന നടപടിയെടുക്കണം. ഈ ബിൽ കൊണ്ടുവന്ന ആഭ്യന്തര വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത അംഗങ്ങൾക്ക് നന്ദി പറയുന്നു. ഓപ്പറേഷൻ കുബേരയുടെ രണ്ടാം ഘട്ടം സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുകയാണ്. കൊള്ളപ്പലിശക്കാർ നിയമത്തിന്റെ ചെറിയ പഴുതുകളിലൂടെപോലും രക്ഷപ്പെടാൻ പാടില്ല എന്ന ഉദ്ദേശത്തോടെയാണ് സർക്കാർ ഈ ഭേദഗതി കൊണ്ടുവന്നത്. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നിയന്ത്രണത്തിന് വിധേയമായി പ്രവർത്തിക്കുന്ന എൻ.ബി.എഫ്.സി.(നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കോർപ്പറേഷൻ)കളുടെ കാര്യത്തിൽ ഫെയർ പ്രാക്ടീസ് കോഡ് പാലിക്കപ്പെടുന്ന കാര്യം ഉറപ്പുവരുത്തുന്നതാണ്. അനധികൃതമായി ആർ.സി. ബുക്കും ബ്ലാങ്ക് ചെക്കുകളും മറ്റും വാങ്ങിവയ്ക്കുന്ന എൻ.ബി.എഫ്.സി.കൾക്കെതിരെ പരാതി ലഭിച്ചാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. വൻകിടക്കാരെ മണി ലെൻഡേഴ്സ്

ആക്ടിന്റെ പരിധിയിൽപ്പെടുത്തുന്നതിന് തടസ്സമായി നിൽക്കുന്ന സുപ്രീം കോടതിയുടെ സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിന് നിയമനടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അനധികൃത ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. തമിഴ്നാട് രജിസ്ട്രേഷനോടുകൂടി പ്രവർത്തിച്ചിരുന്ന കുറി കമ്പനികളുടെ ചൂഷണം അവസാനിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കേന്ദ്ര ചിട്ടി നിയമം സംസ്ഥാനത്ത് ശക്തമായി ഇംപ്ലിമെന്റ് ചെയ്യേണ്ടത് അത്യാവശ്യമാണ്. ധനകാര്യ/രജിസ്ട്രേഷൻ വകുപ്പുമന്ത്രിമാരുമായി ആലോചിച്ച് അനധികൃത ചിട്ടി കമ്പനികൾക്കെതിരെ നടപടികളെടുത്തു വരികയാണ്. ഇക്കണോമിക് ആക്റ്റിവിറ്റിയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. ജോലി വാഗ്ദാനം ചെയ്ത് വിദേശത്തേയ്ക്ക് ആളുകളെ കൊണ്ടുപോകുന്ന അനധികൃത സ്ഥാപനങ്ങൾ പോലീസ് നിരീക്ഷണത്തിലാണ്. സഹകരണ സ്ഥാപനങ്ങൾ വായ്പയുടെ കാര്യത്തിൽ ഉദാര സമീപനം സ്വീകരിച്ചാൽ മാത്രമേ ബ്ലേഡ് മാഫിയകളുടെ ചൂഷണത്തിൽ നിന്ന് പാവപ്പെട്ടവരെ രക്ഷിക്കാൻ കഴിയുകയുള്ളൂ. പതിനായിരം രൂപ വരെയുള്ള വായ്പകൾ ആൾ ജാമ്യത്തിൽ നൽകാൻ നടപടിയെടുക്കുകയും വായ്പ പലിശ കുറയ്ക്കുകയും സൺഡേ ബാങ്കിംഗ് ഏർപ്പെടുത്തുകയും കൂടുതൽ ശാഖകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അവയൊന്നും പര്യാപ്തമല്ല. 'ഋണമുക്തി' പദ്ധതി പ്രകാരം പൊതുമേഖലാ

ബാങ്കുകൾ വായ്പകൾ നൽകാത്തത് പരിതാപകരമാണ്. പൊതുമേഖലാ/ന്യൂ ജനറേഷൻ ബാങ്കുകൾ സാമൂഹിക പ്രതിബദ്ധതയോടുകൂടി പ്രവർത്തിക്കണം. പരാതി ലഭിച്ചാൽ നോക്കുകൂലിക്കെതിരെ നടപടിയെടുക്കുന്നതാണ്. മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി നർക്കോട്ടിക് ആക്ടിൽ കാര്യമായ ഭേദഗതി വരുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ് ' പദ്ധതി ആവിഷ്കരിച്ച് പുകയില ഉല്പന്നങ്ങളുടെ വ്യാപനവും വിതരണവും തടയുന്നതോടൊപ്പം മയക്കുമരുന്ന് മാഫിയകൾക്കെതിരെ ശക്തമായ നടപടികളെടുത്തുവരികയുമാണ്. മാവോയിസ്റ്റുകളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 13-12-14-ന് വയനാട്ടിൽ സർവ്വകക്ഷി യോഗം ചേരുന്നതാണ്. ശക്തമായ പോലീസ് നടപടിയോടൊപ്പം ബഹുജന പിന്തുണയും ആദിവാസികളടക്കമുള്ള പാവപ്പെട്ടവരുടെ ജീവിതപ്രശ്നങ്ങൾക്ക് പരിഹാരവും ഉണ്ടായാൽ മാത്രമേ മാവോയിസ്റ്റുകളെ ഇല്ലാതാക്കാൻ കഴിയുകയുള്ളൂ. സ്പെഷ്യൽ ബ്രാഞ്ചിന്റെ നിരീക്ഷണത്തിൽ ഇയർ മാർക്ക് ചെയ്തിട്ടുള്ള അഴിമതിക്കാരായ പോലീസുദ്യോഗസ്ഥരെ കീ പൊസിഷനുകളിൽ നിന്നും ലാ ആന്റ് ഓർഡറിന്റെ ചുമതലയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിക്കുന്ന പണം ആദിവാസി മേഖലയിൽതന്നെ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതാണ്. 'കാപ്പാ'

നിയമത്തിൽ ഭേദഗതി വരുത്തി കൊണ്ടുവന്നിരിക്കുന്ന ഈ നിയമം കുറ്റവാളികളുടെയും ഹവാല ഇടപാടുകാരുടെയും കൊള്ളപ്പലിശക്കാരുടെയും കയ്യിൽനിന്ന് സംസ്ഥാനത്തെ ജനങ്ങളെ രക്ഷിക്കാനുതകുന്നതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## അറിയിപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ ബിൽ പരിഗണിക്കുന്നതിനുവേണ്ടി സബ്ജക്ട് കമ്മിറ്റി ഇന്ന് കൂടണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചെയറിന് ഒരു കത്ത് നൽകിയിട്ടുണ്ട്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടതിനുശേഷം സഭ കൂടുന്നതിന് മുമ്പ് ഒരു പൂർണ്ണ ദിവസം ഉണ്ടായിരിക്കണമെന്നാണ് ചട്ടം 237(2)-ൽ പറയുന്നത്. ചെയറിന്റെ പ്രത്യേക വിവേചനാധികാരം ഉപയോഗിച്ചാണ് ഇന്നു സബ്ജക്ട് കമ്മിറ്റി കൂടാൻ നിർദ്ദേശം

നൽകിയത്. വേണമെങ്കിൽ അതൊഴിവാക്കാം, പക്ഷേ സബ്ജക്ട് കമ്മിറ്റി കൂടിയില്ലെങ്കിൽ പിന്നെ കൂടാൻ കഴിയുന്നത് തിങ്കളാഴ്ചയാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: വെള്ളിയാഴ്ച സബ്ജക്ട് കമ്മിറ്റി കൂടുന്നതുകൊണ്ട് തടസ്സമൊന്നുമില്ല. പക്ഷേ സബ്ജക്ട് കമ്മിറ്റി കൂടിയ ശേഷം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്യുന്ന ബിൽ സഭയിൽ വച്ചശേഷം ഭേദഗതികൾ അവതരിപ്പിക്കാനുള്ള സമയം കൊടുക്കുന്ന പ്രശ്നമുണ്ട്. ആ കാര്യത്തിൽ ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റും ചെയറും അംഗങ്ങളോട് സൗമനസ്യം കാണിക്കണം. വെള്ളിയാഴ്ച എല്ലാവരും പോയതിനുശേഷമാണ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത കേരള മാരിടൈം ബിൽ കിട്ടുന്നത്. അന്നത്തെ രേഖകൾ അനുസരിച്ച് ഞായറാഴ്ച വൈകുന്നേരം മൂന്ന് മണിക്ക് ഭേദഗതികൾ അവതരിപ്പിക്കണമെന്നാണ് പറഞ്ഞിരുന്നത്. വെള്ളിയാഴ്ച സഭ പിരിഞ്ഞ് പോകാൻനേരം കിട്ടാത്ത ബില്ലിന് തലസ്ഥാനത്തിന് പുറത്തുള്ള അംഗങ്ങൾക്ക് എങ്ങനെ ഭേദഗതി അവതരിപ്പിക്കാനാകും, ഭേദഗതികൾ അവതരിപ്പിക്കാൻ അംഗങ്ങൾക്കുള്ള അവകാശം നിഷേധിക്കരുത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇന്ന് സബ്ജക്ട് കമ്മിറ്റി കൂടിയില്ലെങ്കിൽ തിങ്കളാഴ്ച കൂടേണ്ടിവരും. തിങ്കളാഴ്ച കൂടിയാൽ ചൊവ്വാഴ്ച മൂന്നുമണി വരെ മാത്രമേ ഭേദഗതി കൊടുക്കാൻ സമയം ലഭിക്കുകയുള്ളൂ. എല്ലാ ക്ലോസിലും നന്നായി പഠിച്ച് ചൊവ്വാഴ്ച മൂന്നുമണിക്കകം ഭേദഗതി കൊടുക്കാൻ കഴിയില്ലെന്നതുകൊണ്ട് ഭേദഗതി

കൊടുക്കാൻ സമയം കൂടുതൽ ലഭിക്കാൻവേണ്ടിയാണ് ഇന്നുതന്നെ സബ്ജക്ട് കമ്മിറ്റി കൂടണം എന്ന് ചെയർ പറഞ്ഞത്. 18-ാം തീയതി ബിൽ പാസ്സാക്കാൻ വച്ചിരിക്കുന്നതിനാൽ ചെയറിന് മറ്റ് പോംവഴികളില്ല. അംഗങ്ങൾക്ക് ഭേദഗതി നൽകുന്നതിന് ആവശ്യമായ സമയം ലഭിക്കുന്നതിനുവേണ്ടി ചട്ടം 237(2)-ൽ അനുശാസിക്കുന്ന പ്രകാരം ചെയറിന്റെ വിവേചനാധികാരം ഉപയോഗിച്ച് ഇന്നുതന്നെ യോഗം ചേരാൻ ചെയർ അനുവാദം നൽകുന്നു.

(2) **<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>**

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സംസ്ഥാനത്തെ ലൈബ്രറി കൗൺസിലുകളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം പബ്ലിക് സർവ്വീസ് കമ്മീഷൻ

മുഖേന നടത്തേണ്ടതാണെന്ന സർക്കാർ ഉത്തരവ് നിയമത്തിന്റെ അഭാവം മൂലം നടപ്പിലാക്കാൻ സാധിച്ചിരുന്നില്ല. ഭരണ ഘടനയുടെ 321-ാം അനുച്ഛേദ പ്രകാരം ഉചിതമായ നിയമനിർമ്മാണത്തിലൂടെ ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷനെ അധികാരപ്പെടുത്തുന്ന നിയമത്തിലൂടെ മാത്രമേ ചട്ടങ്ങളുണ്ടാക്കാൻ സാധിക്കു എന്നതിനാൽ പ്രസ്തുത ആവശ്യത്തിനായി നിയമനിർമ്മാണം കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവന്ന ഈ ബിൽ പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ഡോ. കെ. ടി. ജലീൽ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. വിവിധ സർക്കാരുകൾ കാലാകാലങ്ങളായി നൽകിവന്നിരുന്ന ഗ്രാന്റുകൾ സർക്കാർ നിർത്തലാക്കിയതുമൂലം സംസ്ഥാനത്തെ 76,000-ഓളം വരുന്ന വായനശാലകൾ പ്രതിസന്ധി യിലായിരിക്കുകയാണ്. ഗ്രാന്റുകൾ തടഞ്ഞുവച്ചുകൊണ്ട് വായനശാലകളെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന നടപടി ജനകീയ സർക്കാരിന് ഭൂഷണമല്ല.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 1989-ൽ നിലവിൽ വന്നതും 7900-ത്തോളം ലൈബ്രറികൾ നിലവിലുള്ളതുമായ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഇന്ന് പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. ലൈബ്രറി കൗൺസിൽ നിയമനം പി.എസ്.സി.ക്ക് വിടുന്നത് സംബന്ധിച്ച് ചർച്ച

ചെയ്യുന്നതിനാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ലൈബ്രറി കൗൺസിലിനുള്ള എല്ലാ വിധ ആനുകൂല്യങ്ങളും ഗ്രാന്റുകളും നൽകാതെ ഈ പ്രസ്ഥാനത്തെ തകർക്കാനുള്ള സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ജനകീയസംവാദത്തിന്റെ അന്തരീക്ഷം വളർത്തി കേരളത്തെ നവോത്ഥാന പാതയിലേയ്ക്ക് നയിക്കുകയും മലയാളികളുടെ സാമൂഹിക ജീവിതത്തിലും പൊതുജനാഭിപ്രായ രൂപീകരണത്തിലും ചരിത്രത്തെ ചിന്തയുടെ പ്രവർത്തന മണ്ഡലങ്ങളുമായി കൂട്ടിമുട്ടിക്കുകയും ചെയ്യുതിൽ വായനശാലകൾ വഹിച്ച പങ്ക് നിസ്തുലമാണ്. ലൈബ്രറി കൗൺസിലിന്റെ രൂപീകരണത്തോടുകൂടി ലോക്കൽ ലൈബ്രറി അതോറിറ്റിയുമായി വേർപ്പെട്ടുകിടന്നിരുന്ന വായനശാലകളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ സാധിക്കുകയുണ്ടായി. ലൈബ്രറി കൗൺസിലിലെ നിയമനം പി.എസ്.സി.ക്ക് വിടണമെന്ന് 2007-ലെ അന്നത്തെ ഭരണസമിതി ആവശ്യപ്പെട്ടെങ്കിലും പിഎസ്.സി.യുടെയും ലൈബ്രറി കൗൺസിലിന്റെയും ചട്ടങ്ങളിലും നിയമങ്ങളിലും ഭേദഗതി വേണമെന്നതുകൊണ്ടാണ് ഇത് നടപ്പാക്കാൻ കഴിയാതെ പോയത്. ലൈബ്രറി കൗൺസിലിലെ നിയമനം സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ജീവനക്കാരെ പിരിച്ചുവിടാനുള്ള നിർദ്ദേശം ഖേദകരമാണ്. ലൈബ്രറി കൗൺസിലുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്നവർക്ക് ഇപ്പോൾ നൽകുന്ന അലവൻസ് തീരെ അപര്യാപ്തമായതിനാൽ അത് വർദ്ധിപ്പിച്ച

നൽകണം. ഗ്രന്ഥശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും ഗ്രന്ഥശാലാ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താനുമാവശ്യമായ സമീപനം സർക്കാർ സ്വീകരിക്കണം. ലൈബ്രറി കൗൺസിലുകളിൽ പി.എസ്.സി. നിയമനവുമായി ബന്ധപ്പെട്ട് നിലനൽക്കുന്ന തർക്കം പരിഹരിക്കണം. ലൈബ്രറികളുടെയും ലൈബ്രറി കൗൺസിലുകളുടെയും പ്രവർത്തനത്തിന് യഥാസമയം സർക്കാർ ഗ്രാന്റ് അനുവദിക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന ലൈബ്രറി സെസ് പിരിച്ചെടുത്ത് ലൈബ്രറി കൗൺസിലിന് കൈമാറുന്നതിനും നടപടി സ്വീകരിക്കണം. ഗ്രാമീണ വായനശാലകളോടൊപ്പം സ്കൂൾ ലൈബ്രറികളെക്കൂടി പരിപോഷിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ലൈബ്രറി കൗൺസിലിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുക്കുകയും പബ്ലിക് സർവ്വീസ് കമ്മീഷനും ലൈബ്രറി കൗൺസിലുകളും കൂടിയാലോചനകൾ നടത്തി നിയമാനുസൃതമായി നിയമനം നടത്തുകയും ചെയ്യണമെന്നതിന്റെ അടിസ്ഥാനത്തിൽ ബിൽ കൊണ്ടുവന്നിരിക്കുന്നത് സ്വാഗതാർഹമാണ്.

ഗ്രന്ഥശാലകളെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരത്തിലേയ്ക്ക് ഉയർത്തണം. ഗ്രന്ഥശാലകളെ തകർക്കുന്നതും ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുന്നതുമായ രാഷ്ട്രീയാതിപ്രസരം ഇല്ലാതാക്കണം. ഗ്രന്ഥശാലകൾക്കു വേണ്ടി ഒരു വകുപ്പ് രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. ലൈബ്രറി കൗൺസിലിന്റെ ഗ്രാന്റ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. ഗ്രന്ഥശാലകളിൽ പുസ്തകം സൂക്ഷിക്കാൻ സുരക്ഷിതമായ ഇടമുണ്ടാകേണ്ടത് അത്യാവശ്യമാണ്. ഗ്രാമങ്ങളിൽ പുസ്തകമേളകൾ സംഘടിപ്പിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കണം. ലൈബ്രറി കൗൺസിലുകളുടെ നിയന്ത്രണം സർക്കാരിൽ നിക്ഷിപ്തമാകുന്നതോടെ ഇതൊരു സർക്കാർ ഓഫീസായി മാറ്റാതെ ജനകീയ പ്രസ്ഥാനമായിത്തന്നെ നിലനിർത്തണം. ഗ്രാമങ്ങളിൽ ലൈബ്രറികൾ സ്ഥാപിക്കുന്നതിന് മുൻകയ്യെടുക്കണം. ജനങ്ങൾക്കിടയിൽ മതസൗഹാർദ്ദം വളർത്തുന്നതിൽ ഗ്രന്ഥശാലകൾ വഹിക്കുന്ന പങ്ക് മഹത്തരമാണ്. ഭാരതീയ ദർശനവും മനുഷ്യനിർമ്മിതമായ മഹത്ഗ്രന്ഥങ്ങളും ഗ്രാമീണ ജനതയ്ക്ക് പരിചയപ്പെടുത്തുന്ന ഗ്രന്ഥശാലകളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണം.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ

സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ലൈബ്രറി കൗൺസിലുകളിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതിനുള്ള തീരുമാനം സ്വാഗതാർഹമാണെങ്കിലും ഗവൺമെന്റ് ഗ്രന്ഥശാലകളോട് കാണിക്കുന്ന നയസമീപനത്തിൽ മാറ്റം വരുത്താൻ തയ്യാറാകേണ്ടതുണ്ട്. ഓരോ പ്രദേശത്തെയും പുരോഗമനേച്ഛുക്കളായ യുവാക്കളും മറ്റ് അഭ്യുദയകാംക്ഷികളും ചേർന്ന് രൂപീകരിച്ച ഗ്രന്ഥശാല പ്രസ്ഥാനങ്ങൾ വലിയ തോതിലുള്ള സാമൂഹിക-സാംസ്കാരിക പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സ്വാതന്ത്ര്യ സമര പോരാളികളുടെ സംഗമസ്ഥാനമായിരുന്നു ഗ്രന്ഥശാലകൾ. സ്വാതന്ത്ര്യ സമര പോരാട്ടത്തിന് കേരളത്തിലെ യുവാക്കളെ നയിച്ചതിന് പിന്നിലും ഗ്രന്ഥശാലകൾ പ്രധാന പങ്ക് വഹിച്ചു. ഗ്രന്ഥശാലയുടെ വാർഷികയോഗങ്ങൾ സാംസ്കാരിക സംഭവങ്ങളായിട്ടാണ് കൊണ്ടാടിയിരുന്നത്. കേരളത്തിൽ പല ഭാഗത്തും ചിതറിക്കിടന്നിരുന്ന ഗ്രന്ഥശാലകൾക്ക് ഏകീകൃത രൂപം കൊടുക്കുകയാണ് ഗവൺമെന്റ് ചെയ്തിട്ടുള്ളത്. പഞ്ചായത്തുകൾ നൽകുന്ന സെസ്സും ഗവൺമെന്റ് ഗ്രാന്റും യഥാസമയം നൽകി ഗ്രന്ഥശാലകളുടെ നിലനിൽപ്പ് ഉറപ്പുവരുത്തണം. നിയമനാസൃതമായി തെരഞ്ഞെടുക്കപ്പെട്ട ലൈബ്രറി കൗൺസിൽ പിരിച്ചുവിടുമെന്ന ഭീഷണി നിലനിൽക്കുകയാണ്. പുസ്തകപ്രസാധക രംഗം നിലനിൽക്കുന്നത് ഗ്രന്ഥശാലകളുടെ

പ്രവർത്തനം മൂലമാണെന്ന തിരിച്ചറിവ് ഉണ്ടാകണം. സംസ്ഥാന ഗവൺമെന്റ് വൈര്യനിരാതന ബുദ്ധിയോടെ ലൈബ്രറി കൗൺസിലിനെ കാണുകയും ഗ്രാന്റ് തടഞ്ഞുവയ്ക്കുകയും ചെയ്യുന്നത് സംബന്ധിച്ച് പുനർവിചന്തനം നടത്തണം. ഗ്രന്ഥശാലാ പ്രസ്ഥാനങ്ങൾ ജില്ലാ-താലൂക്ക് തലങ്ങളിൽ കുട്ടികൾക്കിടയിൽ വായനാ മൽസരം നടത്തുകയും അംഗീകാരം നൽകുകയും ചെയ്യുന്നു. ആധുനിക കാലഘട്ടത്തിനനുസൃതമായി ഗ്രന്ഥശാലകൾ കമ്പ്യൂട്ടർവൽക്കരിക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്യണം. ലൈബ്രറികൾക്കുള്ള ഗ്രാന്റും ലൈബ്രേറിയൻമാർക്കുള്ള ഓണറേറിയവും വളരെ തുച്ഛമാണ്. രാജ്യത്തിന്റെ ഭാവി വാഗ്ദാനങ്ങളായ യുവജനങ്ങളെ ഗ്രന്ഥശാലകൾ ഉപയോഗിക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിനു പകരം ഗ്രന്ഥശാലകളെ നശിപ്പിക്കുന്ന നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഗ്രന്ഥശാലകളുടെ കെട്ടിട നിർമ്മാണങ്ങൾക്ക് ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ സാധിക്കുന്ന വിധത്തിൽ നിയമ ഭേദഗതി കൊണ്ടുവരണം.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: കേരളത്തിലെ ലൈബ്രറി സംവിധാനങ്ങളെ തകർക്കുന്ന ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. ഗ്രന്ഥശാലാ സംഘങ്ങളിലെ ലൈബ്രേറിയൻമാരുടെ വേതനവും ഗ്രന്ഥശാലകൾക്ക് നൽകുന്ന ഗ്രാന്റും സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും ഗ്രന്ഥശാലകളെ ആധുനികവത്കരിക്കുന്നതിനും നടപടിയുണ്ടാകണം. ലൈബ്രറി സെസ്സിന്റെ

വിനിയോഗത്തിൽ അക്കൗണ്ടബിലിറ്റിയുണ്ടാകണം. ലൈബ്രറി കൗൺസിലിന്റെയും ഗ്രന്ഥശാലകളുടെയും പ്രവർത്തനങ്ങളെ അട്ടിമറിക്കുന്ന പ്രവർത്തനങ്ങളിൽനിന്ന് പിൻമാറണം.

ശ്രീ. ഷാഫി പറമ്പിൽ: ലൈബ്രറി കൗൺസിലുകളിലെ നിയമനങ്ങൾ സംബന്ധിച്ച് പി.എസ്.സി.യുമായി കൂടിയാലോചന നടത്തേണ്ടത് ആവശ്യമാണ്. ഗ്രന്ഥശാലകളെ ജനകീയമാക്കുന്നതിന് നേതൃത്വം നൽകണം. മലയാളിയുടെ പുസ്തകപ്രേമമാണ് നമ്മുടെ ഭാഷയേയും ഗ്രന്ഥശാലകളെയും സജീവമാക്കി നിർത്തുന്നത്. നമ്മുടെ നാട്ടിൽ രൂപം കൊണ്ടിരിക്കുന്ന വൈജ്ഞാനിക സമൂഹത്തിന്റെ ക്വാളിറ്റിയും അറിവും വൈവിദ്ധ്യവും നമ്മൾ ഉദ്ദേശിക്കാത്ത തലത്തിലേയ്ക്ക് വളർന്നുകൊണ്ടിരിക്കുന്നുവെന്നതാണ് ഗ്രന്ഥശാലകൾ ഇന്ന് നേരിടുന്ന പ്രതിസന്ധി. ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടാകുന്ന പുരോഗതിക്കനുസരിച്ച് ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളെയും ആധുനികവത്കരിക്കണം. മാറുന്ന കാലഘട്ടത്തിനനുസൃതമായി വിവിധ തരത്തിലുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത് സ്വന്തമായി വരുമാനം ആർജ്ജിക്കാൻ കഴിയുന്നതരത്തിൽ ലൈബ്രറികളെ ശക്തമാക്കണം. ലൈബ്രറിയുടെ പ്രവർത്തനങ്ങൾ യൂസർ സർവ്വീസ് ഓറിയന്റഡാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കണം. വായനശാലകളിലേയ്ക്ക് പുതുതലമുറ കടന്നുവരുന്നതിനും വായനശാലകളെ അതിന്റെ പ്രസക്തിയോടെ

നിലനിർത്തുന്നതിനും അവിടെ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതോടൊപ്പം മൾട്ടി ഫങ്ഷണൽ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും നടപടി സ്വീകരിക്കണം. വായനശാലകളുടെ നവീകരണത്തിനായി എം.എൽ.എ.ഫണ്ട് ഉപയോഗിക്കുന്നതിന് അനുകൂലമായ നിലപാട് സ്വീകരിക്കണം. ലൈബ്രറി കൗൺസിലുകളിലെ വിവിധ തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ട സർക്കാർ നിലപാടിനെ സ്വാഗതം ചെയ്യുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ലൈബ്രറി കൗൺസിലുകൾക്കായി 2011-12, 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ പ്ലാൻ-നോൺ പ്ലാൻ ഫണ്ടുകളിലേയ്ക്ക് തുക അനുവദിച്ചിട്ടുണ്ട്. ഗ്രാന്റ് ഇൻ എയ്ഡ് റൂൾസിന് വിധേയമായിട്ടാണ് ലൈബ്രറി കൗൺസിലുകൾക്ക് ഗ്രാന്റ് അനുവദിക്കുന്നത്. മുൻവർഷങ്ങളിലെ ചെലവുവിവരങ്ങളിന്മേൽ ലോക്കൽ ഫണ്ട് ആഡിറ്റും ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗും നൽകിയ റിപ്പോർട്ടിന്മേലുള്ള അപാകതകൾ പരിഹരിക്കപ്പെടാത്തതുകൊണ്ടും സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചതുകൊണ്ടുമാണ് ലൈബ്രറി കൗൺസിലിന്റെ 2013-14 സാമ്പത്തിക വർഷത്തെ അവസാന ഗഡു അനുവദിക്കാതിരുന്നത്. സംവരണ തത്വങ്ങൾ പാലിക്കാതെയും സർക്കാർ ഉത്തരവ് ലംഘിച്ചും ലൈബ്രറി കൗൺസിൽ നടത്തിയിട്ടുള്ള നിയമനങ്ങളെല്ലാം റദ്ദാക്കണമെന്ന് സർക്കാർ നിർദ്ദേശം

നൽകിയിട്ടുണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റി സമരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ പക്ഷപാതപരമായ ഒരു നിലപാടും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. സ്കൂൾ ലൈബ്രറികളെ ശക്തിപ്പെടുത്തുന്ന കാര്യവും എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് ലൈബ്രറികൾക്കാവശ്യമായ പുസ്തകം വാങ്ങുന്ന കാര്യവും ധനകാര്യ വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്. കോഴിക്കോട് ലൈബ്രറിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിളിച്ചുചേർത്ത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹളം വയ്ക്കുകയുണ്ടായി.)

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

(ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഡയസിനുമുന്നിൽ വന്ന് ബഹളം വയ്ക്കുകയും തുടർന്നുള്ള

സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോകുകയും ചെയ്തു.)

### രണ്ടാം വകുപ്പ്

120, 121 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

### മൂന്നാം വകുപ്പ്

123, 125, 126, 128, 129, 130, 131, 133, 138, 139, 140, 141, 144, 145, 146, 147, 149, 150, 152, 153 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

### നാലാം വകുപ്പ്

154, 156, 157, 158, 159, 160, 161, 162, 163, 164, 165, 166, 167, 168 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

156. ഖണ്ഡം 4(2)-ൽ, " ഭംഗം വരാതെയും" എന്നതിനു പകരം " ഭംഗം വരാതെ" എന്നത് ചേർക്കുക.

159. ഖണ്ഡം 4(3)-ൽ, " കഴിയാവുന്നത്രവേഗം" എന്നതിനു പകരം " കഴിയുന്നത്രവേഗം" എന്നത് ചേർക്കുക.

156, 159 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

<u>അഞ്ചാം വകുപ്പ്</u>

171-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

108, 109, 110, 112, 113, 115 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. അബ്ദു റബ്ബ്)</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. അബ് ദുറബ്ബ്: സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും പിന്നോക്ക വിഭാഗങ്ങളിലെ ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച് പഠനം നടത്തിയ ജസ്റ്റിസ് കെ.കെ. നരേന്ദ്രൻ കമ്മീഷൻ ശിപാർശയെത്തുടർന്ന് 02.02.2006-ലെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉത്തരവിൽ മറ്റ് തീരുമാനങ്ങൾക്കൊപ്പം പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ നിയമനാധികാരം പി.എസ്.സി.ക്ക് വിടാൻ ഉത്തരവായതിന്റെ തുടർ നടപടിയായിത്തീർന്നതാണ് ഈ ബിൽ. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ലോകായുക്തയുടെയും മറ്റ് ചില സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുകൊണ്ടുള്ള ഉത്തരവ് ആയിട്ടുണ്ട്. ഇത് നടപ്പിലാക്കേണ്ടത് കേരളത്തിലെ സർവ്വകലാശാലകളിലാണ്. അതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. അത് നിയമസഭയുടെ പരിഗണനയ്ക്ക് വരാനിരിക്കുകയാണ്. ലൈബ്രറി കൗൺസിലിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനക്രമങ്ങൾ പി.എസ്.സി.-ക്ക് വിടാനുള്ള തീരുമാനം സ്വാഗതാർഹമാണെന്ന് വിയോജനക്കുറിപ്പിൽ സമ്മതിച്ചിട്ടുണ്ട്. ചട്ടങ്ങളുണ്ടാക്കുന്നതിനുള്ള വ്യവസ്ഥ ഖണ്ഡിക 4(1)-ൽ വ്യക്തമായി

പ്രതിപാദിച്ചിട്ടുണ്ട്. നിയമനം നടത്തുന്ന രീതിയും അതുമായി ബന്ധപ്പെട്ട ചട്ടങ്ങളുണ്ടാക്കുന്നതും പി.എസ്.സി.യുമായി കൂടിയാലോചിച്ച് മാത്രമേ ചെയ്യാൻ പാടുള്ളൂവെന്നത് ഭരണഘടനയുടെ 320 (3) അനുച്ഛേദത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## റൂളിംഗ്

### ക്രമപ്രശ്നം അനുവദിക്കാത്തത് സംബന്ധിച്ച്

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ ബില്ലിന്റെ ചർച്ച അവസാനിക്കാറായപ്പോൾ ചില അംഗങ്ങൾ ബഹളമുണ്ടാക്കിയത് നിർഭാഗ്യകരമായിപ്പോയി. ക്രമപ്രശ്നം ഉന്നയിക്കാൻ അനുവദിക്കാത്തതിൽ ബഹളം വച്ചതിനെത്തുടർന്ന് ക്രമപ്രശ്നം എന്താണെന്ന് ചോദിച്ചപ്പോൾ ബില്ലുമായി ഒരു ബന്ധവുമില്ലാത്ത കാര്യമാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി പറയുന്നില്ലെന്നും പറഞ്ഞു. പ്രസ്തുത സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗങ്ങളോട് ഇരിക്കാൻ ആവശ്യപ്പെട്ടിട്ടും ഇരിക്കാത്തതിനാലാണ് മറ്റ് നടപടികളിലേയ്ക്ക് ചെയർ കടന്നത്.

വ്യക്തമായ ഏതെങ്കിലും ചട്ട ലംഘനമുണ്ടായാൽ മാത്രമേ റൂൾ 303 അനുസരിച്ച് ഒരു ക്രമപ്രശ്നം ഉന്നയിക്കാവൂ. ഇവിടെ അതുണ്ടാകാത്തതുകൊണ്ടാണ് ചെയർ അനുവദിക്കാതിരുന്നത്. അവസാന നിമിഷത്തിൽ ഇത്തരമൊരു സംഭവമുണ്ടായതിൽ ചെയറിന് വിഷമമുണ്ട്. ദയവുചെയ്ത് ഇത്തരം സംഭവങ്ങൾ ഇനി ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സഭ വൈകുന്നേരം 6.42-ന് പിരിഞ്ഞു.

**************